A PUBLICATION OF GOOD SHEPHERD MINISTRY

# നല്ല ഇടയൻ

# Nalla Edayan

2023 AUGUST - SEPTEMBER



**Editors**

| | | |
|---|---|---|
| Joseph T Joseph | 770-277-7108 | joykutty1@yahoo.com |
| M.VBabu | 91-944-712-4260 | babumv1952@gmail.com |
| Iype mathew | 203-459-9611 | imeastern@gmail.com |
| Binu Samuel | 91-954-437-4527 | binusamuel26@gmail.com |
| George Mathew | 905-616-3147 | bcy2014@yahoo.com |

**Publisher**

| | | |
|---|---|---|
| Rajan Thomas | 914-450-4966 | pandanadan@yahoo.com |

**Designed by**

celestial media,pathanamthitta

**Circulation Manager**

| | | |
|---|---|---|
| Roy Varghese | 770-362-0297 | roypandanad@yahoo.com |

**Technical Consultants**

| | | |
|---|---|---|
| Roy Mathew | 203-445-9267 | rmeastern@gmail.com |
| Suresh Parayil | 770-277-3810 | Manu Parayil@yahoo.com |

**Area Representatives**

| | |
|---|---|
| George Samuel | New Jersey |
| Joseph Varghese | Atlanta |
| Sajan Baby | Dallas |
| Varghese T Chacko | Houston |
| Daniel Thudiyan | Pennsylvania |
| Thomas M George (Thampy) | Bahrain |
| Robin Abraham | Canada |
| M.V Sunny | Dubai |
| James K Daniel | Dubai |
| Alex Baby | Sharjah |
| Reji Mathew | Abu Dhabi |
| Raju P Abraham | Kallissery |

For correspondence
USA- Nalla Edayan, P.O Box 661525, Bronx, New York - 10466
Tel: 914-347-2696. www.nallaedayan.com,
E-Mail: NallaEdayan@ gmail.com

**Address in India**
Nalla Edayan Ministries, Kalayil Bldg., Chanthukavu, Kadammanitta P.O,
Pathanamthitta, Kerala - 689649, Ph. 9447359183

Annual Subscription India - Rs. 100/-
USA/Canada and other countries - US$-50

# നല്ല ഇടയൻ
# NALLAEDAYAN

2023 AUGUST- SEPTEMBER

CONTENTS








നീതിക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയം 3
*Dr. K.C. Johnson, Mavelikkara*

അനീതിയും, പീഡനവും എതിർക്കുന്നതിലുള്ള വെല്ലുവിളി 6
*Jacob Thomas, Mavelikkara*

നീതി നടപ്പാക്കാനുള്ള പ്രവാചക വിളി 10
*James M. Thomas, Nedumbassery*

യേശുക്രിസ്തുവിന്റെ മൗലീക അംഗീകരണം 12
*Dharmaraj G., Mavelikkara*

എല്ലാവരോടും സമത്വവും സ്നേഹവും 15
*Binu Samuel, Chanthukavu*

എളിയവനോട് കൃപ കാട്ടുക 17
*P.M. Abraham, Kuruppampady*


Annual Subscription
India - Rs. 100/-
USA/Canada and other countries US$50

P.O. Box 661525, Bronx
NY 10466, Ph: (914) 347 - 2696
E-mail:nallaedayan@yahoo.com

gsmonline.org

EDITORIAL

എഡിറ്റോറിയൽ



ജോസഫ് റ്റി. ജോസഫ്

# സത്യം എവിടെ? നീതി എവിടെ?

2023 ജൂലൈ 2 ഞായറാഴ്ച മണിപ്പൂർ ഉണർന്നത് മണിപ്പൂരിലെ കുക്കി ഗ്രാമമായ ലങ്സയ്ക്ക് കാവൽ നില്ക്കുകയായിരുന്ന ഡേവിഡ് ടിക്ക് എന്ന കുക്കി യുവാവിന്റെ ഛേദിക്കപ്പെട്ട ശിരസ്സ് കണ്ടു കൊണ്ടാണ്.

മെയ് മൂന്നിന് മണിപ്പൂരിൽ പൊട്ടിപ്പുറപ്പെട്ട കലാപം ഇന്നും ശാന്തമായിട്ടില്ല. മെയ് തേയ് – കുക്കി സംഘർഷം ആണ് എങ്കിലും കത്തി എരിഞ്ഞത് അനേകം ക്രൈസ്തവ ദേവാലയങ്ങളും നഷ്ടപ്പെട്ടത് അനേകം ക്രൈസ്തവരുടെ ജീവനുമാണ്.

സംസ്ഥാന സർക്കാരോ കേന്ദ്ര സർക്കാരോ ഈ കലാപത്തിനെതിരെ ശക്തമായ നിലപാട് എടുത്തിട്ടില്ല എന്നതാണ് സത്യം :വോട്ട് ബാങ്ക് മാത്രം ലക്ഷ്യമിടുന്ന രാഷ്ട്രീയ നേതാക്കന്മാർക്കും ഇതിൽ ദുഃഖമില്ല . ക്രൈസ്തവ നേതാക്കന്മാർ പോലും ശബ്ദം ഉയർത്തിയത് ചില ആഴ്ചകൾക്ക് മുൻപ് മാത്രം. കലാപം അവസാനിപ്പിക്കുന്നതിൽ കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും പരാജയപ്പെട്ടു. സ്വത്തിനും ജീവനും സംരക്ഷണം നൽകുന്നതാണ് നമ്മുടെ ഭരണഘടന . ഭരണഘടന ഉറപ്പുതരുന്ന വ്യക്തി സ്വാതന്ത്ര്യവും ആരാധന സ്വാതന്ത്ര്യവും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു.

പ്രതിരോധ മേഖലയിലും വാണിജ്യ മേഖലയിലും നമ്മുടെ രാജ്യം വൻ ശക്തിയായി ഉയരുന്നു എന്നുള്ളത് സത്യമാണ്. എന്നാൽ ന്യൂനപക്ഷങ്ങൾക്കു സംരക്ഷണം കൊടുക്കുന്നതിൽ പരാജയപ്പെട്ടു കൊണ്ടിരിക്കുന്നു. ഗുജറാത്ത് കലാപത്തിന്റെ തനി ആവർത്തനമല്ലേ മണിപ്പൂരിലും നടക്കുന്നത്? കേരളത്തിലെ മുഖ്യധാര മാധ്യമങ്ങൾ പോലും ഈ പീഡനങ്ങൾ പുറത്തു വിടുന്നില്ല എന്നതാണ് സത്യം. മണിപ്പൂരിലെ 41% വരുന്ന ക്രിസ്ത്യാനികളുടെ സംരക്ഷണത്തിനായി നമുക്ക് പ്രാർത്ഥിക്കാം.

1999 ജനുവരി 23ന് കുഷ്ഠരോഗികളെ ശുശ്രൂഷിച്ചു കൊണ്ടിരുന്ന ഓസ്ട്രേലിയൻ മിഷനറി ഗ്രഹാം സ്റ്റെയിൻസിനെയും രണ്ട് മക്കളെയും ചുട്ടെരിച്ചു കൊന്ന സംഭവം നാം മറന്നിട്ടില്ല. നീറോ ചക്രവർത്തിയുടെ പീഡനങ്ങൾ അനുഭവിച്ച ക്രൈസ്തവർ എത്ര അധികമാണ്. "ലോകത്തിൽ നിങ്ങൾക്ക് കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു" എന്ന് പ്രഖ്യാപിച്ച യേശു കർത്താവിന്റെ കാൽപാദങ്ങളെ പിന്തുടർന്ന് ദൈവജനം ധൈര്യത്തോടെ മുന്നോട്ട് പോകാം .

പാപത്തിൽ ജനിക്കാത്ത, പാപം അറിയാത്ത പാപം ചെയ്തിട്ടില്ലാത്ത യേശുവിനെ വേണ്ട കൊലപാതകനായ ബറബ്ബാസിനെ മതി എന്ന് പറഞ്ഞ ലോകത്തിൽ ആണല്ലോ നാം ജീവിക്കുന്നത് എന്ന സത്യം മറന്നു പോകരുത്.

ക്രിസ്തുവിരോധി ആയിരുന്ന ശൗലിനെ കർത്താവിന്റെ കൈകളിലെ മാനപാത്രം ആക്കിയ കർത്താവും സ്വർഗ്ഗത്തിൽ ജീവിക്കുന്നു. നീതിയുടെ രാജാവായ കർത്താവിന്റെ വരവിനായി നമുക്ക് കാത്തിരിക്കാം.

ആമേൻ കർത്താവായ യേശുവേ വരേണമേ, കർത്താവിന്റെ ദാസൻ എം. ഇ .സി പാടിയത് നമുക്കും പാടാം

"വരണം യേശുരാജൻ വരണം

സൽഭരണം വരണം

വന്നേ തോരൂ, ഭക്തരിൻ കണ്ണീരന്നേ

തീരൂ വേദനകൾ"



ഡോ. കെ. സി. ജോൺസൺ
മാവേലിക്കര

# നീതിക്കുവേണ്ടിയുള്ള ദൈവത്തിന്റെ ഹൃദയം

യാഗങ്ങൾ എന്ന് വിളിക്കപ്പെടുന്ന ആ മൃഗങ്ങളുടെ മരണത്താൽ, ആളുകൾ വീണ്ടും മോശമായ കാര്യങ്ങൾ ചെയ്യുന്നതുവരെ, കുറച്ച് സമയത്തേക്ക് ആളുകൾ കുറ്റങ്ങളിൽ നിന്ന് സ്വതന്ത്രരാകും. പക്ഷേ, ഇത് പഴയനിയമ കാലഘട്ടത്തിലേക്ക് മാത്രമുള്ള താൽക്കാലിക പദ്ധതി മാത്രമായിരുന്നു. എന്നാൽ ദൈവം മനുഷ്യരെ വളരെയധികം സ്നേഹിക്കുന്നതുകൊണ്ട് പുത്രനായ ദൈവം യേശു എന്ന പേരിൽ മനുഷ്യനായി ഭൂമിയിലേക്ക് വന്നു...

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം എപ്പോഴും നീതിയോടെ പ്രവർത്തിക്കുന്നു എന്ന് ദൈവവചനം വ്യക്തമാക്കുന്നുണ്ട്. അത് അവിടുത്തെ വിശുദ്ധിയുടെ സ്വാഭാവിക പ്രദർശനമാണ്. ദൈവത്തിന്റെ വിശുദ്ധി അവനെ എപ്പോഴും പാപമോ തിന്മയോ ആയ എന്തിൽ നിന്നും വേറിട്ടു നിർത്തുന്നു. ദൈവത്തിന്റെ നീതി ദൈവത്തിനു വിശുദ്ധിയോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുമ്പോൾ ദൈവത്തിന്റെ ന്യായം ദൈവത്തിനു അശുദ്ധിയോടുള്ള വെറുപ്പിന്റെ പ്രകടനവുമാണ്. ദൈവം പാപത്തെ വെറുക്കുന്നുവെന്നും പാപം തെറ്റാണെന്നും അത് മരണത്താൽ ശിക്ഷിക്കപ്പെടണമെന്നും ബൈബിൾ പ്രഖ്യാപിക്കുന്നു (റോമർ 6:23). എല്ലാവരും പാപം ചെയ്തതിനാൽ, ദൈവത്തിന്റെ നീതിയാൽ എല്ലാവരും പാപത്തിന്റെ കുറ്റക്കാരായി പ്രഖ്യാപിക്കപ്പെടുന്നു. അതിന് ഓരോ കുറ്റവാളിയും പിഴ നൽകണം. ആ പിഴയാണ് മരണം. അത് ദൈവത്തിന്റെ നീതിയാണ്. ദൈവത്തിന്റെ നീതി എപ്പോഴും ധാർമ്മികമായി ശരിയും ന്യായവും ചെയ്യുന്നു. പാപം ചെയ്യുന്ന ആരെയും കുറ്റവാളിയായി പ്രഖ്യാപിക്കുകയും ശിക്ഷ നൽകുകയും ചെയ്യണമെന്ന് ദൈവം പറയുന്നത് ന്യായമാണ്.

പഴയനിയമ കാലഘട്ടത്തിൽ, തന്റെ ജനത്തിന്റെ പാപങ്ങൾക്കും അകൃത്യങ്ങൾക്കും ശിക്ഷ നൽകാൻ ചില മൃഗങ്ങൾ അറുക്കപ്പെടണമെന്ന് ദൈവം തീരുമാനിച്ചു (ലേവ്യ. 4:3; 5:5-6). യാഗങ്ങൾ

എന്ന് വിളിക്കപ്പെടുന്ന ആ മൃഗങ്ങളുടെ മരണത്താൽ, ആളുകൾ വീണ്ടും മോശമായ കാര്യങ്ങൾ ചെയ്യുന്നതുവരെ, കുറച്ച് സമയത്തേക്ക് ആളുകൾ കുറ്റങ്ങളിൽ നിന്ന് സ്വതന്ത്രരാകും. പക്ഷേ, ഇത് പഴയനിയമ കാലഘട്ടത്തിലേക്ക് മാത്രമുള്ള താൽക്കാലിക പദ്ധതി മാത്രമായിരുന്നു. എന്നാൽ ദൈവം മനുഷ്യരെ വളരെയധികം സ്നേഹിക്കുന്നതുകൊണ്ട് പുത്രനായ ദൈവം യേശു എന്ന പേരിൽ മനുഷ്യനായി ഭൂമിയിലേക്ക് വന്നു; അവിടുന്ന് പൂർണതയുള്ള ജീവിതം നയിച്ചു മനുഷ്യന്റെ പാപങ്ങൾക്കുള്ള ബലിയായി കുരിശിൽ മരിച്ചു, അടക്കപ്പെട്ടു മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റു. ദൈവത്തിന്റെ നീതിയും ന്യായവും ആവശ്യപ്പെടുന്ന പാപത്തിനുള്ള ശിക്ഷ യേശുക്രിസ്തു കൊടുത്തു തീർത്തു.

**1. സാമൂഹ്യനീതി: പഴയനിയമ വീക്ഷണത്തിൽ**

നീതിമാനായ ദൈവം യിസ്രായേൽ ജനത്തോട് അവരുടെ ഇടയിലുള്ള എല്ലാവരോടും നീതിപൂർവ്വം പെരുമാറാൻ ആവശ്യപ്പെടുന്നുണ്ട്. "പരദേശി നിന്നോടുകൂടെ നിങ്ങളുടെ ദേശത്തു പാർത്താൽ അവനെ ഉപദ്രവിക്കരുത്. നിങ്ങളോടുകൂടെ പാർക്കുന്ന പരദേശി നിങ്ങൾക്കു സ്വദേശിയെപ്പോലെ ഇരിക്കേണം; അവനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം; നിങ്ങളും മിസ്രയീംദേശത്തു പരദേശികളായിരുന്നുവല്ലോ; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. ന്യായവിസ്താരത്തിലും അളവിലും തൂക്കത്തിലും നിങ്ങൾ അന്യായം ചെയ്യരുത്. ഒത്ത തുലാസ്സും ഒത്ത കട്ടിയും ഒത്ത പറയും ഒത്ത ഇടങ്ങഴിയും നിങ്ങൾക്കു ഉണ്ടായിരിക്കേണം" (ലേവ്യ. 19:33‑36). നീതിപൂർവ്വമായുള്ള പെരുമാറ്റത്തിന്റെ ആരംഭം അവനവന്റെ ഭവനത്തിൽ നിന്നുതന്നെ തുടങ്ങേണ്ടതുമാണ്. ഈ വാക്യം നോക്കുക: "യഹോവ അബ്രാഹാമിനെക്കുറിച്ചു അരുളിച്ചെയ്തതു അവന്നു നിവൃത്തിച്ചുകൊടുപ്പാൻ തക്കവണ്ണം അബ്രാഹാം തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ കല്പിക്കേണ്ടതിന്നു ഞാൻ അവനെ തിരഞ്ഞെടുത്തിരിക്കുന്നു" (ഉൽപത്തി 18:19).

പഴയനിയമ പ്രവാചകന്മാരുടെ ശബ്ദം സാമൂഹിക തലത്തിലുള്ള നീതിയുടെ ശബ്ദമായിരുന്നു. വ്യക്തികൾ നീതിയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് അവരുടെ ശുശ്രൂഷകൾ വിരൽ ചൂണ്ടിയിരുന്നു. യിസ്രായേലിലെ പ്രവാചകന്മാരെ സംബന്ധിച്ചിടത്തോളം ദൈവത്തിലുള്ള വിശ്വാസവും സാമൂഹിക നീതിയും അഭേദ്യമായിരുന്നു.

യഹോവയുടെ അരുളപ്പാട് യെശയ്യാവ് അറിയിച്ചത് ഇപ്രകാരമായിരുന്നു: "നിങ്ങൾ എത്ര തന്നേ പ്രാർത്ഥന കഴിച്ചാലും ഞാൻ കേൾക്കയില്ല; നിങ്ങളുടെ കൈ രക്തംകൊണ്ടു നിറഞ്ഞിരിക്കുന്നു. നിങ്ങളെ കഴുകി വെടിപ്പാക്കുവിൻ; നിങ്ങളുടെ പ്രവൃത്തികളുടെ ദോഷത്തെ എന്റെ കണ്ണിന്മുമ്പിൽനിന്നു നീക്കിക്കളവിൻ; തിന്മ ചെയ്യുന്നതു മതിയാക്കുവിൻ. നന്മ ചെയ്‍വാൻ പഠിപ്പിൻ; ന്യായം അന്വേഷിപ്പിൻ; പീഡിപ്പിക്കുന്നവനെ നേർവ്വഴിക്കാക്കുവിൻ; അനാഥന്നു ന്യായം നടത്തിക്കൊടുപ്പിൻ; വിധവയ്ക്കു വേണ്ടി വ്യവഹരിപ്പിൻ" (യെശയ്യാവ് 1:15‑17).

യഹോവയായ ദൈവം യിരെമ്യാവിലൂടെ ഇപ്രകാരം അരുളിച്ചെയ്തു: "നിങ്ങൾ നീതിയും ന്യായവും നടത്തി, കവർച്ചയായി ഭവിച്ചവനെ പീഡകന്റെ കയ്യിൽനിന്നു വിടുവിപ്പിൻ; പരദേശിയോടും അനാഥനോടും വിധവയോടും അന്യായവും ബലാൽക്കാരവും ചെയ്യരുത്; ഈ സ്ഥലത്തു കുറ്റമില്ലാത്ത രക്തം ചൊരികയും അരുത്" (യിരെ. 22:3).

പ്രവാചകനായ മീഖായിലൂടെ ദൈവം അരുളിച്ചെയ്ത വാക്കുകളും സാമൂഹിക നീതിയുടെ ശബ്ദമായിരുന്നു. "മനുഷ്യാ, നല്ലതു എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു: ന്യായം പ്രവർത്തിപ്പാനും ദയാതല്പരനായിരിപ്പാനും നിന്റെ ദൈവത്തിന്റെ സന്നിധിയിൽ താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോടു ചോദിക്കുന്നതു?" (മീഖാ

6:8). ആമോസ് പ്രവാചകനിലൂടെ വെളിപ്പെട്ട വാക്കുകൾ ശ്രദ്ധേയമാണ്: "നിന്റെ പാട്ടുകളുടെ സ്വരം എന്റെ മുമ്പിൽനിന്നു നീക്കുക; നിന്റെ വീണാനാദം ഞാൻ കേൾക്കയില്ല. എന്നാൽ ന്യായം വെള്ളംപോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ" (ആമോസ് 5:23–24).

പഴയനിയമ വീക്ഷണത്തിൽ, ദൈവജനത്തിൽ ഒരാളായി ശരിയായി ജീവിക്കുക എന്നത് നീതിപൂർവ്വം ജീവിക്കുക എന്നതാണ്. അബ്രഹാമിനെ "തന്റെ മക്കളോടും തനിക്കു പിമ്പുള്ള കുടുംബത്തോടും നീതിയും ന്യായവും പ്രവൃത്തിച്ചുകൊണ്ടു യഹോവയുടെ വഴിയിൽ നടപ്പാൻ" തിരഞ്ഞെടുത്തു (ഉൽപത്തി 18:19). ഇതാണ് "കർത്താവിന്റെ വഴി." യഹോവയുടെ വഴിയിൽ ജീവിക്കുക എന്നതു നീതിയെ ഉണർത്തുന്ന ഒരു വ്യക്തിയായി ജീവിക്കുകയും പഠിപ്പിക്കുകയും ചെയ്യുക എന്നതാണ്.

**2. സാമൂഹ്യനീതി: പുതിയനിയമ വീക്ഷണത്തിൽ**

യേശുവിന്റെ ശുശ്രൂഷയുടെ ആരംഭകാലത്ത് അവൻ നസറെത്തിലെ ഒരു പള്ളിയിൽ (സിന്നഗോഗിൽ) പ്രവേശിച്ച് യെശയ്യാപ്രവാചകന്റെ പുസ്തകത്തിൽനിന്നും (ലൂക്കൊസ് 4:16–19) വായിച്ചിട്ട് അവസാനിപ്പിച്ചത് "ഇന്നു നിങ്ങൾ എന്റെ വചനം കേൾക്കയിൽ ഈ തിരുവെഴുത്തിന്നു നിവൃത്തി വന്നിരിക്കുന്നു" (ലൂക്കൊസ് 4:21) എന്ന് പറഞ്ഞുകൊണ്ടാണ്. യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷയിൽ ആണ് നിറവേറിയത്. അവിടുന്നു പ്രസ്താവിച്ച ഭാഗം ഇതാണ്: "ദരിദ്രന്മാരോടു സുവിശേഷം അറിയിപ്പാൻ കർത്താവു എന്നെ അഭിഷേകം ചെയ്കയാൽ അവന്റെ ആത്മാവു എന്റെമേൽ ഉണ്ടു; ബദ്ധന്മാർക്കു വിടുതലും കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും കർത്താവിന്റെ പ്രസാദവർഷം പ്രസംഗിപ്പാനും എന്നെ അയച്ചിരിക്കുന്നു" (ലൂക്കൊസ് 4:18–19). തന്റെ സുവിശേഷത്തിന്റെ ഒരു സാമൂഹിക ഘടകമല്ലേ

**പ്രായോഗിക ക്രിസ്തീയജീവിതത്തിൽ ഒരു വിശ്വാസി പ്രാധാന്യം നൽകേണ്ട വളരെ പ്രധാനപ്പെട്ട മേഖലകളിൽ ഒന്ന് സാമൂഹിക നീതിയ്ക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്.**

യേശു ഇവിടെ പ്രസ്താവിച്ചത്? യേശുവിന്റെ ജഡധാരണത്തിന്റെ ആത്യന്തികമായ ലക്ഷ്യം പാപികളുടെ രക്ഷയ്ക്കുവേണ്ടി മരിച്ച് അടക്കപ്പെട്ട് ഉയിർത്തെഴുന്നേൽക്കുക എന്നതായിരുന്നു (1 കൊരി. 15:3; 1 തിമൊ. 1:15) എങ്കിലും, തന്റെ പരസ്യശുശ്രൂഷയിൽ മുന്നിട്ടുനിന്നത് സാമൂഹിക നീതിയ്ക്കുവേണ്ടിയുള്ള കർത്താവിന്റെ പ്രവൃത്തികളും ഉപദേശങ്ങളുമായിരുന്നു.

പ്രായോഗിക ക്രിസ്തീയജീവിതത്തിൽ ഒരു വിശ്വാസി പ്രാധാന്യം നൽകേണ്ട വളരെ പ്രധാനപ്പെട്ട മേഖലകളിൽ ഒന്ന് സാമൂഹിക നീതിയ്ക്കുവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക എന്നതാണ്. യാക്കോബിന്റെ വാക്കുകൾ ശ്രദ്ധിക്കുക: "പിതാവായ ദൈവത്തിന്റെ മുമ്പാകെ ശുദ്ധവും നിർമ്മലവുമായുള്ള ഭക്തിയോ: അനാഥരെയും വിധവമാരെയും അവരുടെ സങ്കടത്തിൽ ചെന്നു കാണുന്നതും ലോകത്താലുള്ള കളങ്കം പറ്റാതവണ്ണം തന്നെത്താൻ കാത്തുകൊള്ളുന്നതും ആകുന്നു" (യാക്കോബ് 1:27).



ജേക്കബ് തോമസ്
മാവേലിക്കര

# അനീതിയും, പീഡനവും എതിർക്കുന്നതിലുള്ള വെല്ലുവിളി

**നീതിബോധവും, സകല മനുഷ്യരും ഒരു പോലെ തുല്യാവകാശമുള്ളവരും, എല്ലാ മനുഷ്യരേയും ഒരു പോലെ കാണണം എന്ന ചിന്താഗതിയും മനുഷ്യൻ കണ്ടുപിടിച്ച ഒരു ആശയമല്ല, മറിച്ച് സ്വർഗ്ഗത്തിലെ ദൈവം മനുഷ്യന്റെ ഉള്ളിൽ നല്കിയിരിക്കുന്ന നീതിബോധത്തിന്റെ പ്രകടനം മാത്രമാണ്. ഈ നിലയിൽ മനുഷ്യൻ ചിന്തിക്കുവാൻ കാരണം അവന്റെ സൃഷ്ടാവ് നീതിബോധമുള്ളവനായതിനാലാണ്.**

സമത്വം, സാഹോദര്യം, സഹകരണം എന്നീ മൂല്യങ്ങൾ ആപ്തവാക്യങ്ങളായി സ്വീകരിച്ച് ലോകത്തിലുള്ള സകല മാനവരും ഒരു കുടുംബത്തിന്റെ അംഗങ്ങളാണ് എന്ന ലക്ഷ്യത്തിലേക്ക് മുന്നോട്ടു പോകുവാൻ വെമ്പൽ കൊള്ളുന്നവരാണ് നാം എല്ലാവരും, എന്നാൽ ആധുനീക കാലഘട്ടത്തിലും, ജാതിയുടേയും, മതത്തിന്റെയും, വർഗ്ഗത്തിന്റെയും പേരിൽ മനുഷ്യനെ വേട്ടയാടുകയും, കൊന്നൊടുക്കയും ചെയ്യുന്ന ലോകത്തിലാണ് നാം ജീവിക്കുന്നത് എന്ന യാഥാർത്ഥ്യം നാം തിരിച്ചറിയുന്നു. സമത്വവും സാഹോദര്യവും കാത്തുസൂക്ഷിക്കുന്നതിൽ മനുഷ്യൻ എന്തുകൊണ്ട് പരാജയപ്പെടുന്നു. ജാതിയുടേയും മതത്തിന്റെയും പേരിൽ അർഹമായ അവകാശങ്ങൾ എന്തുകൊണ്ട് നിഷേധിക്കപ്പെടുന്നു വളരെ ഗൗരവമായി ചിന്തിക്കേണ്ട കാര്യങ്ങളാണ് ഇവയെല്ലാം. അപ്പോൾ തന്നെ ക്രിസ്തീയ വിശ്വാസികളായ നാം നീതിക്കും, സമത്വത്തിനും എന്ത് വിലയാണ് കല്പിക്കുന്നത്. ദൈവവചനം ഈ വിഷയത്തെ പറ്റി എന്താണ് പഠിപ്പിക്കുന്നത് എന്നീ വസ്തുതകളും നാം പരിശോധിക്കേണ്ടതുണ്ട്. ശരിയായ നിലയിൽ നമ്മുടെ സമൂഹത്തിൽ സമത്വവും സാഹോദര്യവും കളിയാടണം എന്ന് നാം ആഗ്രഹിക്കുന്നെങ്കിൽ, ദൈവവചനം നീതിബോധത്തെയും, ഓരോവ്യക്തിയുടെയും അവകാശങ്ങളേയും കുറിച്ച് എന്താണ് പറയുന്നത് എന്ന് നാം മനസിലാക്കണം. മറ്റൊരു നിലയിൽ പറഞ്ഞാൽ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ ചിന്തി

ക്കാതെ ക്രിസ്തീയ ജീവിതത്തിലോ, സമൂഹത്തിലോ നീതിയും സമത്വവും സ്ഥാപിക്കുക അസാദ്ധ്യമാണ്. ആയതിനാൽ ദൈവവചനം എന്താണ് നീതിന്യായങ്ങൾ, സ്നേഹത്തോടെയുള്ള സഹവർത്തിത്വം, അശരണരോടുള്ള സമീപനം, എന്നീ വളരെ പ്രധാനപ്പെട്ട വിഷയങ്ങളെക്കുറിച്ച് പറഞ്ഞിരിക്കുന്നത് എന്താണ് എന്ന് നാം ആദ്യ ഭാഗത്ത് ചിന്തിക്കുന്നത്.

**1. ദൈവം നീതിമാനാണ്, നീതിനിർവ്വഹണം ദൈവത്തിന്റെ കർത്തവ്യമാണ്**

നീതിബോധവും, സകല മനുഷ്യരും ഒരുപോലെ തുല്യാവകാശമുള്ളവരും, എല്ലാ മനുഷ്യരേയും ഒരു പോലെ കാണണം എന്ന ചിന്താഗതിയും മനുഷ്യൻ കണ്ടുപിടിച്ച ഒരു ആശയമല്ല, മറിച്ച് സ്വർഗ്ഗത്തിലെ ദൈവം മനുഷ്യന്റെ ഉള്ളിൽ നല്കിയിരിക്കുന്ന നീതിബോധത്തിന്റെ പ്രകടനം മാത്രമാണ്. ഈ നിലയിൽ മനുഷ്യൻ ചിന്തിക്കുവാൻ കാരണം അവന്റെ സ്യഷ്ടാവ് നീതിബോധമുള്ളവനായതിനാലാണ്. ദൈവത്തിന്റെ അടിസ്ഥാനപരമായ ഗുണവിശേഷമാണ് നീതി, മനുഷ്യനുള്ള നീതിബോധം ആപേക്ഷികമാണ് എന്നാൽ ദൈവം അടിസ്ഥാനപരമായി നീതിമാനാണ്, അത് ദൈവത്തിന്റെ സ്വഭാവങ്ങളിൽ ഒന്നാണ്. “ സർവ്വഭൂമിക്കും ന്യായാധിപതിയായവൻ നീതി പ്രവർത്തിക്കാതിരിക്കുമോ?” അബ്രഹാം ദൈവത്തോട് ചോദിക്കുന്ന ചോദ്യമാണ് ഉൽപ്പത്തി 18:25, “അവൻ നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നു എങ്കിൽ നീതി ചെയ്യുന്നവനൊക്കെയും അവനിൽ നിന്നു ജനിച്ചിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നു. “ 1 യോഹന്നാൻ 2:29, അവിടെയും ദൈവം നീതിമാനാണ് എന്ന കാര്യം സകലർക്കും ബോദ്ധ്യമാണ് എന്ന അർത്ഥത്തിലാണ് പറഞ്ഞിരിക്കുന്നത്. ലോകത്തിലെ സകല നീതിനിർവ്വണ പ്രക്രീയയുടേയും അടിസ്ഥാനം ദൈവം യിസ്രായേൽ ജനത്തിന് കൊടുത്ത പത്ത് കല്പനകൾ തന്നെയാണ് എന്ന് ഗ്രഹിക്കാൻ കഴിയും. ലോകത്തിലെ സകല നിയമസംഹിതകളുടേയും ഉറവിടം പത്ത് കല്പനകളാണ്. നീതിനിർവ്വഹണത്തിന് ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തുന്ന പത്ത് കല്പനകൾ ദൈവത്തിന്റെ സ്വഭാവത്തെ പ്രദർശിപ്പിക്കുന്നതിനാൽ ദൈവത്തെക്കൂടാതെ സമൂഹത്തിൽ ശരിയായ നിലയിലുള്ള നീതിനിർവ്വണം അസാദ്ധ്യമാണ് എന്ന് ആധുനീക ലോകത്തിന്റെ അവസ്ഥ തന്നെ തെളിയിക്കുന്നു. അതുപോലെ തന്നെ മനുഷ്യൻ മറ്റ് മനുഷ്യരോട് അനീതിയോടെ പെരുമാറുമ്പോൾ അത് അവരിൽ തന്നെ ഒതുങ്ങിനില്ക്കുന്നു എന്നാണ് മനുഷ്യൻ കരുതുന്നത് എന്നാൽ അങ്ങനെയല്ല നീതിനിർവ്വഹണം നടപ്പാക്കുന്ന ദൈവം മനുഷ്യൻ ചെയ്യുന്ന സകല അനീതിയേയും അധർമ്മത്തേയും ദൈവം ശിക്ഷിക്കതന്നെ ചെയ്യും എന്നും വചനം വെളിപ്പെടുത്തുന്നു.

**നീതിനിർവ്വഹണത്തിന് ദൈവത്തിന്റെ ഹിതം വെളിപ്പെടുത്തുന്ന പത്ത് കല്പനകൾ ദൈവത്തിന്റെ സ്വഭാവത്തെ പ്രദർശിപ്പിക്കുന്നതിനാൽ ദൈവത്തെക്കൂടാതെ സമൂഹത്തിൽ ശരിയായ നിലയിലുള്ള നീതിനിർവ്വണം അസാദ്ധ്യമാണ് എന്ന് ആധുനീക ലോകത്തിന്റെ അവസ്ഥ തന്നെ തെളിയിക്കുന്നു.**

**2. പരദേശിയുടേയും, അനാഥന്റെയും, വിധ**

**ദൈവം ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന് അവകാശികളാകേണ്ടതിന് തിരഞ്ഞെടുത്തിരിക്കുന്നു 2:4, എന്നാൽ വിശ്വാസികൾ അവരെ അപമാനിക്കുന്നു. ധനത്തിന്റെയും, പദവിയുടേയും പേരിൽ വിശ്വാസികളെ അളക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് ഭൂഷണമല്ല, കാരണം, ലോകത്തിലുള്ള അവിശ്വാസികളും അങ്ങനെയാണല്ലോ മറ്റ് മനുഷ്യരെ വിലയിരുത്തുന്നത്, അങ്ങനെയായാൽ ക്രിസ്തീയ വിശ്വാസത്തിലുള്ള നാമും, ലോകത്തിലുള്ള അവിശ്വാസികളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്.**

### വയുടെയും ന്യായം മറിച്ച് കളയരുത്

യിസ്രയേൽ ജനം വാഗ്ദത്ത ദേശത്ത് പാർക്കുവാൻ ഒരുങ്ങുമ്പോൾ അവർ അവിടെ ഏത് വിധം നീതിയും, ന്യായവും നടപ്പാക്കണം എന്ന് വളരെ വ്യക്തമായി ദൈവം കല്പിച്ചിരുന്നു, “ പരദേശിയുടേയും, അനാഥന്റെയും ന്യായം മറിച്ചുകളയരുത്, വിധവയുടെ വസ്ത്രം പണയം വാങ്ങരുത്, നീ മിസ്രയീമിൽ അടിമയായിരുന്നു എന്നും നിന്റെ ദൈവവമായ യഹോവ നിന്നെ അവിടെനിന്നു വീണ്ടെടുത്തു എന്നും ഓർക്കണം. “ ആവർത്തനം 24:17, 18. ഏത് രാജ്യത്തും ഉണ്ടാകുന്ന പ്രശ്നമാണ് തദ്ദേശിയരായവരും വന്ന് പാർക്കുന്നവരും തമ്മിലുള്ള അവകാശവാദങ്ങളും അനുബന്ധമായ പോരാട്ടങ്ങളും, വാസ്തവത്തിൽ ലോകരാഷ്ട്രങ്ങളിൽ എല്ലായിടത്തും അധിനിവേശങ്ങളും കുടിയൊഴിപ്പിക്കലുമുണ്ടായിട്ടുണ്ട് എന്നുള്ളതാണ് വസ്തുത. എന്നാൽ ദൈവം പറയുന്നത് നിങ്ങളുടെ ദേശമാണ് എന്ന് കരുതി പരദേശിയെ പീഡിപ്പിക്കരുത്, കാരണം നീയും ഒരിക്കൽ മിസ്രയിമിൽ പരദേശിയായിരുന്നു, അവടെ നിന്ന് നിന്റെ സ്വന്തശക്തിയാലല്ല, ദൈവമാണ് നിന്നെ വിടുവിച്ചത്. അവരുടെ ചരിത്രം മറക്കരുത്. പരദേശിക്ക് അവകാശം ഒന്നുമില്ലായിരിക്കാം എന്നാൽ നീതിയും, ന്യായവും നടപ്പിലാക്കുന്ന ദൈവത്തെ അവർ ഓർക്കണം. വിധവയേയും, അനാഥനേയും അവഗണിക്കാനുള്ള സാദ്ധ്യത കൂടുതലാണ് കാരണം അവർക്കായി വാദിക്കാനാരുമില്ല, എന്നാൽ ദൈവം പറയുന്നു ഞാൻ അവർക്കായി വാദിക്കും. അവരും നിങ്ങൾ ഉൾപ്പെട്ടുനിൽക്കുന്ന സമൂഹത്തിന്റെ ഭാഗമാണ്, അവരും സ്വസ്ഥരായും, ശാന്തരായും, നിർഭയരായും ജീവിക്കണം എന്ന് ദൈവം ആഗ്രഹിക്കുന്നു. ഈ ചിന്ത ഇന്ന് നമ്മുടെ സമൂഹത്തിലുണ്ടായാൽ ലോകത്തിന്റെ തന്നെ സ്ഥിതി മാറും എന്നതിന് സംശയമുണ്ടോ? സ്വാർത്ഥതയും, വ്യക്തിതാല്പര്യങ്ങളും ഒരു മഹാവ്യാധിപോലെ വിശ്വാസ സമൂഹത്തെ ബാധിച്ചിരിക്കുന്ന ഈ കാലത്ത് കർത്താവ് യിസ്രയേലിന് നല്കുന്ന കല്പനകൾ നമുക്കും ബാധകമാണ്. സമൂഹത്തിൽ അവശരും, അവഗണിക്കപ്പെട്ടവരുടേയും ശബ്ദമായി നാം മാറണം, അവരും നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ് എന്നും അവരേയും സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം ദൈവം നമ്മെ ഭരമേൽപ്പിച്ചിട്ടുണ്ട് എന്നും നാം ഓർക്കണം. നമ്മെക്കാൾ ഉയരത്തിലുള്ളവരെയാണ് നാം നോക്കുന്നത് അവരെ പോലെ ആകാനുള്ള വ്യഗ്രതയിൽ താഴെയുള്ളവരെ അവഗണിക്കയും, അവരുടെ വാക്കുകൾക്ക് വിലകൊടുക്കാതിരിക്കയും ചെയ്യുന്നു. ദൈവം യിസ്രായേലിനോട് പറയുന്നത് നിങ്ങളുടെ മിസ്രയിമിലെ അവസ്ഥ ചിന്തിച്ചാൽ മനസലിവോടും സ്നേഹത്തോടും കൂടി പരദേശിയോടും, അനാഥനോടും വിധവയോടും പെരുമാറുവൻ നിങ്ങൾക്ക് കഴിയും എന്നാണ്.

### 3. തിന്മ ചെയ്യുന്നത് മതിയാക്കുവിൻ, നന്മ ചെയ്‌വാൻ പഠിപ്പിൻ, ന്യായം അന്വേഷിപ്പിൻ

ദൈവം വാഗ്ദത്തനാട്ടിൽ പാർക്കുന്ന ജനത്തെ നോക്കിപറയുന്ന കാര്യങ്ങൾ നാം യെശയ്യാവ് ഒന്നാമദ്ധ്യായത്തിൽ കാണുന്നു, അവരുടെ പാപത്തിന്റെ കാഠിന്യത്തെക്കുറിച്ചാണ് പ്രവാചകൻ വിവരിക്കുന്നത്

എന്നാൽ താൻ പറയുന്നത് ശ്രദ്ധിക്കുക, "തിന്മ ചെയ്യുന്നത് മതിയാക്കുവിൻ, നന്മ ചെയ്‌വാൻ പഠിപ്പിൻ, ന്യായം അന്വേഷിപ്പിൻ, പീഡിപ്പിക്കുന്നവനെ നേർവഴിക്കാക്കുവിൻ അനാഥന് ന്യായം നടത്തിക്കൊടുപ്പിൻ, വിധവക്ക് വേണ്ടി വ്യവഹരിപ്പിൻ" യെശയ്യാവ് 1:17. ദൈവത്തോടുള്ള യിസ്രയേൽ ജനത്തിന്റെ പാപങ്ങളിൽ ഏറ്റവും പ്രധാനമായത് അവരുടെ സമൂഹത്തിലെ നിരാലംബരെ അവഗണിച്ചതാണ്, ദൈവത്തിന്റെ സ്വന്തജനമാണ് എന്ന് അവകാശപ്പെടുന്നവരാണവർ എന്നാൽ അവരുടെ സാമൂഹിക ജീവിതത്തിൽ അത് വെളിപ്പെടുന്നില്ല. അവർ യാഗങ്ങളും, വഴിപാടുകളും ദൈവസന്നിധിയിൽ അർപ്പിക്കുന്നു എന്നാൽ ദൈവം അതിൽ പ്രസാദിക്കുന്നില്ല യെശയ്യാവ് 1:10-16. ദൈവത്തിന് പ്രസാദകരമായ പ്രവർത്തിയെന്താണ് എന്ന് അറിയാതെ യാഗങ്ങൾ അർപ്പിക്കുന്നതിൽ അർത്ഥമില്ല എന്നാണ് കർത്താവ് പറയുന്നത്. നാം ദൈവഭക്തരാണ് എന്ന ബോദ്ധ്യത്തിലാണ് നാം ജീവിക്കുന്നത്, ആ സ്ഥിതിയിൽ മുന്നോട്ട് ജീവിക്കാനാഗ്രഹിക്കുന്നു, എന്നാൽ ദൈവം നമ്മുടെ ജീവിതത്തെ സൂക്ഷ്മമായി വീക്ഷിക്കുന്നു എന്നും, ദൈവത്തിന് പ്രസാദകരമായ നിലയിൽ ജീവിക്കണം എന്നും നാം ചിന്തിക്കുന്നില്ല. നമ്മുടെ പ്രായോഗിക ക്രിസ്തീയ ജീവിതത്തിലുള്ള പോരായ്മകൾ പരിഹരിക്കാൻ കർത്താവ് നമ്മെ വിളിക്കുന്നു, വരുവീൻ നമുക്ക് തമ്മിൽ വാദിക്കാം എന്ന്.

### 4. നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ വിശ്വസിക്കുന്ന നിങ്ങൾ മുഖപക്ഷം കാണിക്കരുത്

യാക്കോബ് എഴുതിയ ലേഖനം 2:1-9 വരെയുള്ള വാക്യങ്ങളിൽ ക്രിസ്തീയ വിശ്വാസികളുടെ മദ്ധ്യത്തിലുള്ള മുഖപക്ഷത്തെ നിശിതമായി യാക്കോബ് ശാസിക്കുന്നത് കാണാം. ആരാധനാലയത്തിൽ വരുന്ന ധനവാനായ വ്യക്തിയെ ആദരിക്കയും, ദരിദ്രനായ വിശ്വാസിയെ അവഗണിക്കയും ചെയ്യുന്നത് ക്രിസ്തുവിലുള്ള വിശ്വാസത്തിന് നിരക്കുന്നതല്ല എന്ന് യാക്കോബ് പറയുന്നു. ദൈവം ദരിദ്രരായവരെ വിശ്വാസത്തിൽ സമ്പന്നരും തന്നെ സ്നേഹിക്കുന്നവർക്ക് വാഗ്ദത്തം ചെയ്ത രാജ്യത്തിന് അവകാശികളാകേണ്ടതിന് തിരഞ്ഞെടുത്തിരിക്കുന്നു 2:4, എന്നാൽ വിശ്വാസികൾ അവരെ അപമാനിക്കുന്നു. ധനത്തിന്റെയും, പദവിയുടേയും പേരിൽ വിശ്വാസികളെ അളക്കുന്നത് ക്രിസ്തീയ വിശ്വാസത്തിന് ഭൂഷണമല്ല, കാരണം, ലോകത്തിലുള്ള അവിശ്വാസികളും അങ്ങനെയാണല്ലോ മറ്റ് മനുഷ്യരെ വിലയിരുത്തുന്നത്, അങ്ങനെയായാൽ ക്രിസ്തീയ വിശ്വാസത്തിലുള്ള നാമും, ലോകത്തിലുള്ള അവിശ്വാസികളും തമ്മിൽ എന്ത് വ്യത്യാസമാണുള്ളത്.

ആത്മീയ കാഴ്ചപ്പാടിന്റെയും, ദൈവഭക്തിയുടെയും, നല്ല സാക്ഷ്യത്തിന്റെയും, വിശ്വാസത്തിന്റെയും പരിശുദ്ധാത്മനിറവിന്റെയും അടിസ്ഥാനത്തിലാണ് നാം ദൈവജനത്തെ മാനിക്കേണ്ടത്. നാം പഠിപ്പിക്കുന്ന ഉപദേശത്തിന് അനുസരിച്ച് ജീവിക്കാതെ വന്നാൽ നമ്മുടെ ഉള്ളിൽ പ്രമാണമില്ലാത്തവരായി മാറും എന്ന് യാക്കോബ് ഓർമ്മിപ്പിക്കുന്നു. നീതിയും ന്യായവും നിവർത്തിക്കുന്ന ഒരു ദൈവമാണ് നമുക്കുള്ളത്, അവൻ അനീതിയെ മുഖം നോക്കാതെ ന്യായം വിധിക്കുന്നവനാണ് ആകയാൽ, തിന്മ ചെയ്യുന്നത് മതിയാക്കി, നന്മചെയ്യാൻ പഠിക്കാം.



ജയിംസ് എം തോമസ്

# നീതി നടപ്പാക്കാനുള്ള പ്രവാചക വിളി

കവിഞ്ഞൊഴുകുന്നത് നിറവിന്റെ ആധിക്യത്തിൽ ആണല്ലോ അന്യായവും അനീതിയും പാപത്തിന്റെ തികവും ഉണ്ടായിരുന്ന യിസ്രായേലിനോട് ആമോസ് പറഞ്ഞത് ; കവിഞ്ഞൊഴുകേണ്ടത് പാപത്തിന്റെ പ്രവർത്തികൾ അല്ല എന്നാണ്. ന്യായം വെള്ളം പോലെ കവിഞ്ഞൊഴുകണം. അപ്പോൾ ആർക്ക് അതിനെ തടുത്തു നിർത്തുവാൻ ആകും ? ആരായാലും കഴിയുകയില്ല !

ദൈവം ആക്കി വെച്ച ഇടങ്ങളിൽ പ്രവാചകന്മാർക്ക് സധൈര്യം ശുശ്രൂഷ നിർവഹിക്കുവാൻ കഴിഞ്ഞതിന്റെ പ്രധാനപ്പെട്ട രണ്ട് കാരണങ്ങൾ:

1. ദൈവം പ്രവാചക ശുശ്രൂഷയ്ക്കായി വിളിച്ചു വേർതിരിച്ചു എന്ന ഉത്തമബോധ്യം
2. ദൈവം നീതിമാനാണെന്നും അവിടുന്ന് നീതിയെ ഇഷ്ടപ്പെടുന്നു എന്നുള്ള ആഴത്തിലുള്ള തിരിച്ചറിവ് സങ്കീർത്തനം 11:7 ശ്രദ്ധിച്ചാലും യഹോവ നീതിമാൻ അവിടുന്ന് നീതിയെ ഇഷ്ടപ്പെടുന്നു. നേരുള്ളവർ അവിടുത്തെ മുഖം കാണും . ദൈവം നമ്മെ ഏൽപ്പിച്ചിട്ടുള്ള ശുശ്രൂഷ ശരിയായി നിവർത്തിക്കുവാൻ നമുക്കും ഈ രണ്ട് ബോധ്യങ്ങൾ ഹൃദയാന്തർഭാഗത്ത് ആഴത്തിൽ തന്നെ വേണം.

തിരുവെഴുത്തിലെ മൂന്ന് പ്രവാചകന്മാർ അവർ തങ്ങളുടെ നാവിൽ ദൈവം നൽകിയ പ്രവാചക ശബ്ദം, അക്കാലത്തിൽ ഉണ്ടായിരുന്ന മ്ലേച്ഛതകൾക്കും അനീതിക്കും എതിരെ നിവർത്തിച്ചതിലേക്കു ഹ്യസ്വമായ ഒരു എത്തിനോട്ടം നടത്താം.

ആദ്യമായി ആമോസിനെ ശ്രദ്ധിച്ചാലും പേരിന്റെ അർത്ഥം തന്നെ എത്ര അർത്ഥവത്താണ് . ആമോസ് = ഭാരം വഹിക്കുന്നവൻ.

ദൈവിക നീതിയുടെ ശബ്ദമായി മാറിയ ആമോസിന് എന്തെല്ലാം ഭാരങ്ങൾ വഹിക്കേണ്ടി വന്നു എക്കാലത്തും ദൈവനിയോഗത്തിന്

അനുസരണം കാണിച്ചിട്ടുള്ള ദൈവദാസന്മാർക്ക് ശരീരത്തിലും മനസ്സിലും നിരവധി ഭാരങ്ങൾ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. കഠിനരായ യിസ്രായേല്യരുടെ മദ്ധ്യത്തിൽ ഒടുവോളം അവർ ദൈവ മുഖത്തേക്ക് നോക്കി ശുശ്രൂഷ തികച്ച് ദൈവ നീതിയുടെ കാവൽ ഭടന്മാരായെങ്കിൽ നമുക്കും വിശ്വസ്തരാകാം.

ആമോസിന്റെ പ്രവചനത്തിൽ നിന്ന് ശ്രദ്ധിച്ചാലും 5:24 "എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടു പോലെയും കവിഞ്ഞൊഴുകട്ടെ."

കവിഞ്ഞൊഴുകുന്നത് നിറവിന്റെ ആധിക്യത്തിൽ ആണല്ലോ. അന്യായവും അനീതിയും പാപത്തിന്റെ തികവും ഉണ്ടായിരുന്ന യിസ്രായേലിനോട് ആമോസ് പറഞ്ഞത്; കവിഞ്ഞൊഴുകേണ്ടത് പാപത്തിന്റെ പ്രവർത്തികൾ അല്ല എന്നാണ്. ന്യായം വെള്ളം പോലെ കവിഞ്ഞൊഴുകണം. അപ്പോൾ ആർക്ക് അതിനെ തടുത്തു നിർത്തുവാൻ ആകും ? ആരായാലും കഴിയുകയില്ല ! ദൈവജനം ആർക്കും തടുത്ത് നിർത്തുവാൻ കഴിയാത്ത തരത്തിൽ ന്യായപ്രിയരായി മാറണമെന്ന അർത്ഥം. വറ്റാത്ത തോട്ടിൽ നിന്ന് എത്ര വേണമെങ്കിലും ദാഹശമനം വരുത്തണം. നമ്മുടെ നീതി ഏവർക്കും വെളിപ്പെടുന്ന തരത്തിലും അനുഭവിക്കുവാൻ ആകുന്ന വിധത്തിലും വരണം എന്നതാണ് പ്രവാചക ശബ്ദത്തിന്റെ ആഹ്വാനം.

രണ്ടാമതായി യിരമ്യാ പ്രവാചകനെ ശ്രദ്ധിച്ചാലും കണ്ണുനീരോടുകൂടെ വിവിധ ശോധനകളുടെയും കഷ്ടതയുടെയും നടുവിൽ വേല നിവർത്തിച്ച യഹോവയുടെ വിശ്വസ്ത പ്രവാചകൻ . സ്തോത്രം. വിശ്വാസ ത്യാഗിനികളായ യിസ്രായേലിനെയും യഹൂദായെയും യഹോവയിങ്കലേക്ക് തിരികെ വിളിക്കുന്നു.

വിശ്വാസ ത്യാഗിനിയായ യിസ്രായേലേ മടങ്ങി വരിക എന്ന് യഹോവയുടെ അരുളപ്പാട്. നിന്റെ ദൈവമായ യഹോവയോടു നീ ദ്രോഹം ചെയ്തു. പച്ച മരത്തിൻ കീഴിലൊക്കെയും അന്യന്മാരോടു ദുർമാർഗമായി നടന്നതും എന്റെ വാക്കു കേട്ടനുസരിക്കാതെ ഇരുന്നതുമായ നിന്റെ അകൃത്യം സമ്മതിക്ക മാത്രം ചെയ്ക എന്നു യഹോവയുടെ അരുളപ്പാട്.

വിശ്വാസത്യാഗിനിയായ മക്കളെ മടങ്ങിവരുവിൻ എന്ന് യഹോവയുടെ അരുളപ്പാട്. ഈ തിരികെ വരുവാനുള്ള ആഹ്വാനത്തിലും നീതി ദൈവം വെളിപ്പെടുത്തുന്നു; അന്യരുടെ പാപങ്ങളെ ഓർമ്മപ്പെടുത്തുന്നതിലൂടെയും അകൃത്യം സമ്മതിക്കണം എന്ന് മാറ്റമില്ലാത്ത ദൈവ വ്യവസ്ഥയുടെ വിളംബരത്തിലൂടെ തിരികെ മനം തിരിഞ്ഞ് യഥാസ്ഥാനപ്പെട്ടാൽ ചേർത്തണയ്ക്കാം എന്ന വാഗ്ദത്തത്തിലൂടെ .....

ഒടുവിലായി യെഹസ്കേൽ പ്രവാചകനെ കൺമുന്നിൽ കൊണ്ടുവരട്ടെ , സ്വർഗ്ഗം പ്രവചന ശുശ്രൂഷ നിവർത്തിക്കുവാൻ നിയോഗിച്ചയക്കുമ്പോൾ തന്നെ യിസ്രായേൽ ഗൃഹം പ്രവാചക ശബ്ദം നിരസിക്കുന്ന മത്സരികളായി പെരുമാറും എന്ന് വ്യക്തമാക്കിയിരുന്നു. എന്നാലും ദൈവ നീതിക്കനുസൃതമായി അവൻ ശുശ്രൂഷിക്കണം ആയിരുന്നു . കാരണം ന്യായവിധിയുടെ നാളുകളിൽ അവർക്കിടയിലേക്ക് ദൈവം പ്രവാചകനെ അയച്ചു എന്നത് ദൈവ നീതിയുടെ ദൃശ്യതലമായിരുന്നു. നോക്കുക 2: 3 ,4 ,5 ; "മനുഷ്യ പുത്രാ, എന്നോട് മത്സരിച്ചിരിക്കുന്ന മത്സരികളായ യിസ്രായേൽ മക്കളുടെ അടുക്കൽ ഞാൻ നിന്നെ അയയ്ക്കുന്നു .... യഹോവയായ കർത്താവ് ഇപ്രകാരം അരുളിചെയ്യുന്നു എന്ന് നീ അവരോട് പറയണം . കേട്ടാലും കേൾക്കാഞ്ഞാലും അവർ മത്സര ഗൃഹം അല്ലോ - തങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഉണ്ടായിരുന്നു എന്ന് അവർ അറിയേണം".

ദൈവപുത്രൻ യിസ്രായേൽ ഗൃഹം ദൈവം അയച്ച പ്രവാചകന്മാരോട് എന്തു ചെയ്തു എന്ന് വ്യക്തമാക്കുന്നു; മത്തായി 23: 37 ; യെരുശലേമേ, യെരുശലേമേ പ്രവാചകന്മാരെ കൊല്ലുകയും നിന്റെ അടുക്കൽ അയച്ചിരിക്കുന്നവരെ കല്ലെറിയുകയും ചെയ്യുന്നവളേ ...". ജനം കല്ലെറിഞ്ഞാലും കൊന്നുകളഞ്ഞാലും പ്രവാചകൻ യഹോവയുടെ അരുളപ്പാട് പ്രഖ്യാപിച്ചു ; കാരണം അവരെ വിളിച്ചതും നിയോഗിച്ചതും ദൈവ നീതി വിളംബരം ചെയ്യുവാനാണ് ; സ്തോത്രം.



ധർമ്മരാജ് ജി

# യേശുക്രിസ്തുവിന്റെ മൗലീക അംഗീകരണം

മൗലീകവാദികളായ അനേക നവോത്ഥാന നേതാക്കന്മാർ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്, അവരിൽ നിന്നെല്ലാം ക്രിസ്തുവിനെ വ്യത്യസ്തനാക്കുന്നത് തന്റെ ആഗമനോദ്ദേശ്യം തന്നെയാണ്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് അടുപ്പിക്കുക എന്ന സാർവ്വത്രികമായ മൗലീക അംഗീകരണം എന്ന ലക്ഷ്യമാണ് കർത്താവിന് ഉണ്ടായിരുന്നത്!

താഴ്ന്ന ജാതിക്കാർ എന്നു പരിഗണിക്കപ്പെടുന്നവർ വേദം വായിക്കുന്നതു കേട്ടാൽ അവരുടെ ചെവിയിൽ ഈയം ഉരുക്കിയൊഴിച്ച് അവരെ ബധിരരാക്കുന്ന ഒരു സമ്പ്രദായം പ്രാചീന കേരളത്തിലുണ്ടായിരുന്നു. ജാതിവ്യവസ്ഥയുടെ പേരിൽ അവഗണിക്കപ്പെട്ട് സമൂഹത്തിൽ നിന്ദാപാത്രങ്ങളായി ജീവിച്ച ഒരു കൂട്ടം ആളുകൾ അടിമകൾക്കു തുല്യരായി നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. വിദ്യാഭ്യാസവും അറിവും വർദ്ധിച്ച ശേഷവും ഇങ്ങനെയുള്ള വ്യവസ്ഥിതികൾ ഇന്നും ചില വ്യക്തികളുടെ ഹൃദയങ്ങളിൽ നിന്നും മാറിയിട്ടില്ല. ഈ വേർതിരിവ് കേരളത്തിൽ മാത്രമല്ല ഇന്ത്യയിലുടനീളവും ലോകത്തിന്റെ പലഭാഗങ്ങളിലും ഇന്നും നിലനിൽക്കുന്നുണ്ട്.

പാലസ്തീന്റെ മണ്ണിലും അവഗണനയുടെ അനേക ചിത്രങ്ങൾ ദർശിക്കുവാൻ സാധിക്കും. ശമര്യരെ നായ്ക്കളെപോലെയും, ചുങ്കക്കാരെ അധമ പാപികളെപ്പോലെയും, മറ്റ് ജാതീയരെ അശുദ്ധരായുമാണ് യെഹൂദന്മാർ കണക്കാക്കിയിരുന്നത്. പാപത്തെ കർശനമായി ശാസിക്കുന്ന ദൈവത്തിന്റെ സ്വഭാവ ഗുണങ്ങൾ പഴയനിയമത്തിൽ വ്യക്തമാണ്. അതുകൊണ്ടുതന്നെ, ദൈവത്തെ ഭയമില്ലാതെ മ്ലേച്ഛതയെ സ്നേഹിച്ച വ്യക്തികളേയും രാജ്യങ്ങളേയും ദൈവം അശുദ്ധർ എന്ന നിലയിൽ വിധികല്പിച്ചിട്ടുണ്ട്. എന്നാൽ ദൈവം തന്നെയാണ് സകല മനുഷ്യരുടേയും രക്ഷയ്ക്കായി തന്റെ പുത്രനെ ഭൂമിയിലേക്ക് അയയ്ക്കുകയും പാപത്തിന്റെ മറുവില കൊടുത്തു വീട്ടുകയും ചെയ്തത്. യേശുവിന്റെ പരസ്യ ശുശ്രൂഷകളിൽ സമൂഹത്തിൽ അവഗണിക്കപ്പെ

ട്ടവർ, വെറുക്കപ്പെട്ടവർ, അധമ പാപികളായി കണക്കാക്കപ്പെട്ടവർ, അശുദ്ധർ എന്നിങ്ങനെയുള്ളവരേയും രക്ഷാമാർഗ്ഗത്തിലേക്ക് വഴിനടത്തി എന്നത് യേശുവിന്റെ സമ്പൂർണ്ണമായ (മൗലീകമായ) അംഗീകരണത്തെ വ്യക്തമാക്കുന്നു. തിരുവെഴുത്തുകളിലെ ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കാം.

**മൗലീക അംഗീകരണം എന്ന ദൗത്യം**

മൗലീകവാദികളായ അനേക നവോത്ഥാന നേതാക്കന്മാർ ചരിത്രത്തിൽ ഉണ്ടായിട്ടുണ്ട്, അവരിൽ നിന്നെല്ലാം ക്രിസ്തുവിനെ വ്യത്യസ്തനാക്കുന്നത് തന്റെ ആഗമനോദ്ദേശ്യം തന്നെയാണ്. ദൈവത്തിന്റെ സൃഷ്ടികളായ മനുഷ്യരെ സ്രഷ്ടാവായ ദൈവത്തിങ്കലേക്ക് അടുപ്പിക്കുക എന്ന സാർവ്വത്രികമായ മൗലീക അംഗീകരണം എന്ന ലക്ഷ്യമാണ് കർത്താവിന് ഉണ്ടായിരുന്നത്! പ്രവാചകനായ യെശയ്യാവിന്റെ വാക്കുകളെ വായിച്ചുകൊണ്ട് അത് തന്നിലൂടെ നിവൃത്തിയായി എന്ന് പ്രഖ്യാപിച്ചു- "ബദ്ധന്മാർക്കു വിടുതലും, കുരുടന്മാർക്കു കാഴ്ചയും പ്രസംഗിപ്പാനും പീഡിതന്മാരെ വിടുവിച്ചയപ്പാനും... എന്നെ അയച്ചിരിക്കുന്നു" (ലൂക്കോസ് 4:18).

**അശുദ്ധരായി അവഗണിക്കപ്പെട്ടവരുടെ അംഗീകരണം**

പഴയനിയമപ്രകാരം കുഷ്ഠരോഗം, പൂപ്പലുകൾ, ശാരീരിക അശുദ്ധി, ശവത്തെ തൊട്ടാലുള്ള അശുദ്ധി എന്നിവയ്ക്ക് യാഗങ്ങളാലോ അനുഷ്ഠാന കർമ്മങ്ങളാലോ വിശുദ്ധീകരണം ആവശ്യമായിരുന്നു. എന്നാൽ കർത്താവിന്റെ ശുശ്രൂഷകളിൽ താൻ കുഷ്ഠരോഗിയെ തൊട്ട് സൗഖ്യമാക്കി (മത്തായി 8:2). രക്തസ്രാവമുള്ള സ്ത്രീ തന്നെ തൊട്ടതിലൂടെ സൗഖ്യം പ്രാപിച്ചപ്പോൾ അവളുടെ വിശ്വാസത്തെ കർത്താവ് ഏറിയ പുരുഷാരത്തിന്റെ മുമ്പാകെ വെളിപ്പെടുത്തുകയും അംഗീകരിക്കുകയും ചെയ്തു (മർക്കോസ് 5:32; ലൂക്കോസ് 8:48).

**സാമൂഹികമായി പിന്തള്ളപ്പെട്ടവരുടെ അംഗീകരണം**

സക്കായി, മത്തായി എന്നിവർ റോമൻ സർക്കാരിനുവേണ്ടി യെഹൂദരിൽ നിന്നും ചുങ്കം പിരിക്കുന്നവരുമായിരുന്നു. ഒരു പക്ഷെ ന്യായമായി കൊടുക്കേണ്ട ചുങ്കത്തിനോട് പലമടങ്ങു കൂട്ടിയാണ് പലപ്പോഴും ഇവർ ചുങ്കം പിരിച്ചിരുന്നത് എന്നത് സക്കായിയുടെ പ്രസ്താവനയിൽ നിന്നും മനസ്സിലാക്കാം (ലൂക്കോസ് 19:8). ലൂക്കോസ് 15:1 - ലെ "ചുങ്കക്കാരും പാപികളും" ( എന്ന പ്രസ്താവന വ്യക്തമാക്കുന്നത് പാപികളുടെ ഗണം പോലെ ദ്രോഹികൾ, അധമന്മാർ, കൊള്ളരുതാത്തവർ എന്ന മറ്റൊരു ഗണമായി ചുങ്കക്കാരെ കണക്കാക്കി എന്നും, ഒരു പക്ഷെ പാപികളിൽ ഏറ്റവും മോശക്കാരായി അവഗണിച്ചിരുന്നു എന്നുമാണ്. ഈ രണ്ടുപേരിൽ ഒരാൾ കർത്താവിന്റെ അപ്പോസ്തലനായും മറ്റൊരാൾ അവന്റെ ശിഷ്യനായും മാറിയതും ഇപ്രകാരമുള്ള വിഭാഗത്തെ കർത്താവ് ചേർത്തു നിർത്തിയതും യേശുവിന് "ചുങ്കക്കാരുടേയും പാപികളുടേയും സ്നേഹിതൻ" എന്ന വിളിപ്പേര് ലഭിക്കുമാറാക്കി (മത്തായി 11:19).

**യേശുക്രിസ്തു ലോകരക്ഷകൻ എന്ന് അഭിമാനത്തോടെ പറയുന്നതിൽ നമുക്ക് ഒരു മടിയും വേണ്ട! ലോകത്തിലെ അനേക നവോത്ഥാന നായകന്മാർക്കിടയിൽ യേശുവിനെ നിസ്തുല്യനാക്കുന്നത് തന്റെ സമൂലവും പൂർണ്ണവുമായ ശുശ്രൂഷയാണ്. ശാരീരിക, മാനസിക, ഭൗതിക, സാമൂഹിക പരിവർത്തനം മാത്രമല്ല യേശു നൽകുന്നത്...**

**ഭൗതീകമായി ബലഹീനരായവരുടെ അംഗീകരണം**

അടിമത്വത്തിൽ പുരോഗമനം ഉണ്ടാവുന്നത് അടിമയ്ക്കല്ല, മറിച്ച് അടിമയുടെ യജമാനനാണ്. ഈ നിലയിൽ അടിയാളന്മാരെ ചൂഷണം ചെയ്ത് മേലാളന്മാരായിത്തീർന്ന അനേകരു

ണ്ട്! എന്നാൽ ഈ വ്യവസ്ഥിതിക്ക് എതിരായി യേശുകർത്താവ് ശബ്ദം ഉയർത്തിട്ടുണ്ട്. ലൂക്കോസ് 20:47-ൽ "വിധവമാരുടെ വീടുകളെ വിഴുങ്ങുകയും ഉപായരൂപേണ ദീർഘമായി പ്രാർത്ഥിക്കുകയും" ചെയ്യുന്ന പരീശന്മാർക്ക് വരുന്ന ന്യായവിധിയെക്കുറിച്ച് കർത്താവ് സൂചിപ്പിച്ചിട്ടുണ്ട്. വിധവയുടെ മരണത്തോടെ അവൾക്കുള്ള വീടും മറ്റ് സമ്പാദ്യവും നേടിയെടുക്കുവാൻ അവളെ ആത്മാർത്ഥമായി സ്നേഹിച്ച് അവൾക്കുവേണ്ടി ദൈവത്തോട് പ്രാർത്ഥിക്കുന്നുവെന്ന വ്യാജേന മൂന്നോ നാലോ മണിക്കൂർ നീളുന്ന ദീർഘമായ പ്രാർത്ഥന പരീശന്മാർ നടത്തുന്നു. ഇത് ചൂഷണവും ന്യായവിധിക്ക് ഹേതുവുമാണെന്ന് കർത്താവ് പ്രഖ്യാപിച്ചു. ശ്രീഭണ്ഡാരത്തിൽ വളരെ സമ്പത്ത് നിക്ഷേപിച്ച ധനവാന്മാരേക്കാളും രണ്ട് കാശ് ഇട്ട ദരിദ്രയായ വിധവയെ അധികം നൽകിയവളായി യേശു തന്റെ ശിഷ്യന്മാർക്ക് പരിചയപ്പെടുത്തിക്കൊടുത്തുകൊണ്ട് അവളുടെ ആ അവസ്ഥയിൽ അവളെ അംഗീകരിച്ചു.

തന്റെ ദൗത്യത്തെക്കുറിച്ചുള്ള പരാമർശത്തിൽ ഏലിയാവിനെ ദൈവം പുലർത്തിയ ഉദാഹരണം പറഞ്ഞപ്പോൾ സീദോനിലെ വിധവയെയും ഉദ്ധരിക്കുവാൻ കർത്താവ് മറന്നില്ല. യേശുവിന്റെ ജനനം തന്നെയും ഇതിനുള്ള ഏറ്റവും നല്ല ഉദാഹരണമാണ്. ദാവീദ് രാജാവിന്റെ പരമ്പരയിൽ, രാജകുടുംബത്തിൽ, കൊട്ടാരത്തിൽ ജനിക്കേണ്ടുന്നവൻ തനിക്ക് ജനിക്കുവാൻ തിരഞ്ഞെടുത്തത് ദാവീദിന്റെ തന്നെ പരമ്പരയിലുള്ള ഒരു സാധാരണക്കാരിയായ മറിയയേയും, കുടുംബത്തെ പോറ്റുവാൻ ഓരോദിവസവും പണിയെടുക്കേണ്ടി വരുന്ന തച്ചനായ യോസേഫിനേയുമാണ്- "നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നൻ ആയിരുന്നിട്ടും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിനു നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന കൃപ നിങ്ങൾ അറിയുന്നുവല്ലോ" (2 കൊരിന്ത്യർ 8:9)

**ശാരീരികവും മാനസികവുമായി ബലഹീനരായവരുടെ അംഗീകരണം**

ശാരീരിക, മാനസിക വൈകല്യങ്ങളുള്ളവരുടെ ഉന്നമനത്തിനായി പരിശ്രമിക്കുന്ന അനേക സംഘടനകളും പ്രസ്ഥാനങ്ങളുമൊക്കെ ഇന്ന് ലോകത്തിലുണ്ട്. എന്നാൽ അവരെ ഉപേക്ഷിക്കുന്ന, ചൂഷണം ചെയ്യുന്ന ആളുകളും ഉണ്ട്. യേശു കർത്താവിനാൽ സൗഖ്യം പ്രാപിച്ചവരിൽ ഭൂരിഭാഗം പേരു. ഒരു പക്ഷെ എല്ലാവരുമോ സമൂലമായ യഥാസ്ഥാനത്തേക്ക് അഥവാ പാപമോചനം നേടിക്കൊണ്ട് ശാരീരികമായും ആത്മീയമായും തികഞ്ഞവരായിത്തീർന്നു എന്നത് കർത്താവിന്റെ മാത്രം ശുശ്രൂഷയുടെ നിസ്തുല്യതയാണ്. ഈ പ്രവൃത്തി പിന്നീട് യേശു തന്റെ ശിഷ്യന്മാരിലൂടെയും ചെയ്തു. "നാനാവ്യാധികളാൽ വലഞ്ഞിരുന്ന അനേകരെ അവൻ സൗഖ്യമാക്കി, ഭൂതങ്ങളേയും പുറത്താക്കി" (മർക്കോസ് 1:34). ഭൂതങ്ങൾ ബാധിച്ച് മാനസിക വിഭ്രാന്തിയിൽ ആയിരുന്നവരേയും കർത്താവ് ഉപേക്ഷിച്ചില്ല (ലൂക്കോസ് 9:39).

യേശുക്രിസ്തു ലോകരക്ഷകൻ എന്ന് അഭിമാനത്തോടെ പറയുന്നതിൽ നമുക്ക് ഒരു മടിയും വേണ്ട! ലോകത്തിലെ അനേക നവോത്ഥാന നായകന്മാർക്കിടയിൽ യേശുവിനെ നിസ്തുല്യനാക്കുന്നത് തന്റെ സമൂലവും പൂർണ്ണവുമായ ശുശ്രൂഷയാണ്. ശാരീരിക, മാനസിക, ഭൗതിക, സാമൂഹിക പരിവർത്തനം മാത്രമല്ല യേശു നൽകുന്നത്, മറ്റാർക്കും നൽകാനാവാത്ത അത്യന്തം ശ്രേഷ്ഠമായ ആത്മീയ പരിവർത്തനവുമാണ്. സുവിശേഷത്തിന്റെ ഈ അത്യന്ത ശക്തി ഇന്ന് നമ്മെ ഭരമേൽപ്പിച്ചിരിക്കയാൽ നാം ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തിലെ വ്യക്തി ജീവിതങ്ങളെ വേർതിരിച്ചു കാണാതെ, എല്ലാവരും ദൈവത്തിന്റെ സൃഷ്ടികളും ദൈവത്താൽ സ്നേഹിക്കപ്പെടുന്നവരുമാണെന്ന് മനസ്സിലാക്കി ഒരു മൗലീക അംഗീകരണം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകുവാൻ ഇടയാകട്ടെ! കാരണം ഇന്ന് ഈ ലോകത്തിൽ നാം, ഉച്ചനീചത്വമില്ലാത്ത വർണ്ണവിവേചനമോ ജാതിവ്യവസ്ഥകളോ ഇല്ലാത്ത സ്വർഗ്ഗരാജ്യത്തിന്റെ പൗരന്മാരും ആ രാജ്യത്തെ ഭരിക്കുന്ന രാജാവായ ക്രിസ്തുവിന്റെ സ്ഥാനപതികളുമാണ്!



ബിനു സാമുവേൽ

# എല്ലാവരോടും സമത്വവും സ്നേഹവും

ഉടഞ്ഞ പാത്രത്തിന് വിലയില്ല രൂപമില്ല. ഉപയോഗമില്ല . അത് കുപ്പയിൽ കളയാൻ മാത്രമേ ഉപകരിക്കും. എന്നാൽ ദാവീദ് തന്നെക്കുറിച്ച് പറയുന്നത് ഒരു ഉടഞ്ഞ പാത്രമാണ് എങ്കിലും ദൈവത്തിൽ ആശ്രയിക്കുന്നു. ഉടഞ്ഞ പാത്രം ഇപ്പോൾ സൃഷ്ടാവിന്റെ കരങ്ങളിലേക്ക് കൊടുത്തിരിക്കുകയാണ്. പൂർണ്ണമായും ദൈവത്തിൽ ആശ്രയിക്കുന്ന ദാവീദിനെയാണ് കാണുവാൻ കഴിയുന്നത്.

ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾക്ക് ജ്ഞാനത്തിന്റെയും മാർഗനിർദേശത്തിന്റെയും ധാർമ്മിക തത്ത്വങ്ങളുടെയും കാലാതീതമായ ഉറവിടമായി ബൈബിൾ വർത്തിച്ചിട്ടുണ്ട്. അതിന്റെ കാരണം തുല്യതയുടെയും സ്നേഹത്തിന്റെയും മൂല്യങ്ങൾക്ക് ബൈബിൾ ഊന്നൽ നൽകുന്നു എന്നതാണ്. ബൈബിൾ പരസ്പരം ബഹുമാനത്തോടും അനുകമ്പയോടും നീതിയോടും കൂടി പെരുമാറാൻ വ്യക്തികളെ പ്രോത്സാഹിപ്പിക്കുന്ന ഗ്രന്ഥമാണ്. എല്ലാവരോടും സമത്വവും സ്നേഹവും എന്ന ആശയങ്ങൾക്ക് അടിവരയിടുന്ന അടിസ്ഥാന ബൈബിൾ തത്ത്വങ്ങൾ നമുക്ക് വിചിന്തനം ചെയ്യാം. അവ ഇന്നത്തെ ലോകത്ത് എങ്ങനെ പ്രസക്തമായി തുടരുന്നു എന്നത് നമുക്ക് നോക്കാം.

**ഓരോ വ്യക്തിയുടെയും അന്തർലീനമായ മൂല്യം**

ഓരോ വ്യക്തിയുടെയും അന്തർലീനമായ മൂല്യത്തിന്റെ അംഗീകാരമാണ് ബൈബിൾ പഠിപ്പിക്കലുകളുടെ കേന്ദ്ര തത്വങ്ങളിലൊന്ന്. എല്ലാ മനുഷ്യരും ദൈവത്തിന്റെ പ്രതിച്ഛായയിൽ സൃഷ്ടിക്കപ്പെട്ടവരാണെന്ന് ഉല്പത്തി 1:27 ൽ നാം വായിക്കുന്നു. അവർക്ക് സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായ വ്യത്യാസങ്ങൾക്ക് അതീതമായ ഒരു ദൈവിക മഹത്വം പ്രദാനം ചെയ്യുന്നു. ഈ അടിസ്ഥാനപരമായ സത്യം സമത്വത്തിന്റെ അടിസ്ഥാനം സൃഷ്ടിക്കുന്നു, കാരണം ആരും അന്തർലീനമായി മറ്റൊരാളേക്കാൾ ഉയർന്നതോ താഴ്ന്നതോ അല്ല എന്ന ആശയം ഇവിടെ വ്യക്തമാക്കപ്പെടുന്നു. ലോകത്തിൽ ഉയർച്ച താഴ്ച

കളുടെ പേരിൽ എന്തെല്ലാം പ്രശ്നങ്ങളാണ് സൃഷ്ടിക്കപ്പെടുന്നത്. എന്നാൽ ദൈവത്തിന്റെ മുമ്പിൽ എല്ലാവരും ഒരുപോലെയാണ് എന്ന യാഥാർത്ഥ്യം ബൈബിൾ വെളിപ്പെടുത്തുന്നു. അതുകൊണ്ട് ഞാൻ എല്ലാവരെക്കാളും വലിയവൻ എന്ന അഹങ്കാര മനോഭാവം നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു.

### സുവർണ്ണ നിയമം

യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടെ പ്രധാന ആശയം മത്തായി 7:12-ൽ കാണപ്പെടുന്ന സുവർണ്ണ നിയമത്തിൽ കാണുന്നു. സ്നേഹത്തിന്റെയും സമത്വത്തിന്റെയും സത്തയെ ഉൾക്കൊള്ളുന്നതാണ് ആ നിയമം. "അതിനാൽ എല്ലാ കാര്യങ്ങളിലും, മറ്റുള്ളവർ നിങ്ങളോട് ചെയ്യാൻ ആഗ്രഹിക്കുന്നത് അവരോടും ചെയ്യുക, കാരണം ഇത് നിയമത്തെയും പ്രവാചകന്മാരെയും സംഗ്രഹിക്കുന്നു." ഈ തത്ത്വം മറ്റുള്ളവരോട് അവരുടെ പശ്ചാത്തലമോ വിശ്വാസങ്ങളോ സാമൂഹിക നിലയോ പരിഗണിക്കാതെ നാം എങ്ങനെ പെരുമാറണമെന്ന് ആഗ്രഹിക്കുന്നുവോ അതുപോലെ അവരോട് പെരുമാറണമെന്ന് ആവശ്യപ്പെടുന്നു. ഈ നിയമം പഠിപ്പിക്കുന്നത് സഹാനുഭൂതിയുടെയും അനുകമ്പയുടെയും അന്തരീക്ഷം വളർത്തുകയും വ്യക്തികൾക്കിടയിൽ ഐക്യവും ധാരണയും പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. ഈ നിയമം പാലിക്കുമ്പോൾ ഉച്ച നീചത്വങ്ങൾ ഇല്ലാതാക്കപ്പെടുകയാണ്.

### അതിരുകൾ മറികടക്കുന്നു

സാമൂഹികവും സാംസ്കാരികവും വംശീയവുമായ അതിരുകൾ മറികടക്കുന്നതിന്റെ പ്രാധാന്യം ബൈബിളിൽ വ്യക്തമായി ഊന്നിപ്പറയുന്നു. നല്ല ശമര്യക്കാരന്റെ ഉപമ (ലൂക്കോസ് 10:25-37) ഇത് മനോഹരമായി ചിത്രീകരിക്കുന്നു. സ്നേഹവും അനുകമ്പയും അതിരുകൾക്കപ്പുറത്തേക്ക് വ്യാപിക്കുന്നു. ഉപമയിൽ പരമ്പരാഗതമായി സാംസ്കാരിക ബഹിഷ്കൃതനായി കാണപ്പെടുന്ന ഒരു ശമര്യാക്കാരൻ, മുറിവേറ്റ അപരിചിതനോട് ദയയും കരുതലും സ്നേഹവും പ്രകടിപ്പിക്കുന്നു. സ്നേഹത്തിന് പരിധികളില്ല എന്ന് ഈ ഉപമയിലൂടെ എടുത്തു കാണിക്കുന്നു. ഇന്ന് ജാതി, സംസ്കാരം, ഭാഷ, മതം, ദേശം ഇങ്ങനെയുള്ള കാരണങ്ങളാൽ അതിർവരമ്പുകൾ സൃഷ്ടിച്ച് പോർ വിളി നടത്തുന്ന ഒരു കാലഘട്ടമാണ്. സ്നേഹത്തിന് അതിരുകളില്ല എന്ന മഹത് സത്യം യേശുക്രിസ്തു കാണിച്ചു തന്നത്.

### നീതിയും തുല്യതയും

എല്ലാവർക്കും നീതിയുടെയും സമത്വത്തിന്റെയും പ്രാധാന്യം ബൈബിൾ വ്യക്തമാക്കുന്നുണ്ട്. സദൃശവാക്യങ്ങൾ 31:8-9 "സ്വയം സംസാരിക്കാൻ കഴിയാത്തവർക്കുവേണ്ടി സംസാരിക്കാനും ദരിദ്രരുടെ അവകാശങ്ങൾ സംരക്ഷിക്കാനും വിശ്വാസികളെ പ്രേരിപ്പിക്കുന്നു. അടിച്ചമർത്തലിനും വിവേചനത്തിനും അസമത്വത്തിനും എതിരെ നിലകൊള്ളാനും എല്ലാവരുടെയും അവകാശങ്ങളും അന്തസ്സും ഉയർത്തിപ്പിടിക്കുന്ന ഒരു സമൂഹത്തെ പ്രോത്സാഹിപ്പിക്കാനുമുള്ള ഉത്തരവാദിത്തത്തെ ഈ വേദഭാഗം ഊന്നിപ്പറയുന്നു. നീതിയും സമത്വവും ദൈവവചനം പ്രാധാന്യം നൽകുമ്പോൾ അത് അംഗീകരിച്ച് അന്വർത്ഥമാക്കുവാൻ ദൈവമക്കൾ ശ്രദ്ധിക്കേണ്ടതുണ്ട്.

### ക്ഷമയും അനുരഞ്ജനവും

എങ്ങനെയാണ് എല്ലാവരെയും സ്നേഹിക്കുവാൻ കഴിയുക എന്നത് നാം സാധാരണ ചോദിക്കുന്ന ചോദ്യമാണ്. സഹോദരനോട് നിരുപാധികമായി ക്ഷമിക്കുന്ന ഒരാൾക്കാണ് സ്നേഹിക്കുവാൻ സാധിക്കുന്നത്. മത്തായി 18:21-22 പഠിപ്പിക്കുന്നത് ക്ഷമിക്കുന്നത് ഏഴ് തവണ മാത്രമല്ല, ഏഴ് എഴുപത് തവണ എന്നാണ്. വ്യക്തികൾക്കും സമൂഹങ്ങൾക്കുമിടയിൽ സ്നേഹം വളർത്തുന്നതിനും ആവലാതികളെ തരണം ചെയ്യുന്നതിനും ക്ഷമയുള്ളവർക്കേ സാധ്യമാകൂ. ഒരു വിധത്തിലും ക്ഷമിക്കുവാൻ കഴിയില്ല എന്നു വിചാരിക്കുന്ന കാര്യങ്ങളുണ്ട്. ക്രിസ്തുവിന്റെ ക്ഷമയെ മാതൃകയാക്കുന്നവർക്ക് ആരോടും ക്ഷമിക്കുവാൻ സാധിക്കും.

*... page 19*



പി. എം. ഏബ്രഹാം

# എളിയവനോട് കൃപ കാട്ടുക

> ഓരോ പ്രാദേശിക സഭയും അവർക്ക് ചുറ്റുമുള്ള സമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് കൂടി ബോധവാന്മാരായിരിക്കണം. ആദ്യകാലഘട്ടങ്ങളിലെ മിഷനറി പ്രവർത്തകർ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല സമൂഹത്തിലെ ദരിദ്രന്മാരുടെ കണ്ണീരൊപ്പി. വിശപ്പ് ശമിപ്പിച്ചു. രോഗത്തിന് ചികിത്സ നൽകി. വിദ്യാഭ്യാസം നൽകിക്കൊണ്ട് അറിവിന്റെ വെളിച്ചം പ്രകാശിപ്പിച്ചു. ക്രിസ്തുവിന്റെ അതേ മാതൃക.

"വിശപ്പിന്റെ കാലത്തെ സമ്പന്നരായ ക്രിസ്ത്യാനികൾ" എന്ന റൊണാൾഡ് ജെ സൈഡറുടെ ഗ്രന്ഥം ലോകത്തിൽ ക്രൈസ്തവ ലോകത്തിന്റെ കണ്ണ് തുറപ്പിക്കുന്നതാണ്. ദരിദ്രർക്കും ആവശ്യഭാരത്തിൽ ഇരിക്കുന്നവർക്കും നേരെ കണ്ണ് അടയ്ക്കുന്ന സമ്പന്ന ക്രൈസ്തവരുടെ കണ്ണ് തുറപ്പിക്കുന്ന ചിത്രമാണ് 1993 കെവിൻ കാർട്ടൻ പകർത്തിയ സുഡാനി ബാലന്റെ ചിത്രം. ഭക്ഷണത്തിനായി ഏറെ നേരം കാത്തുനിൽക്കുന്ന സുഡാനി ബാലൻ . ഭക്ഷണം കഴിച്ചിട്ട് ദിവസങ്ങളായി. റിലീഫ് ക്യാമ്പിന് സമീപം ഭക്ഷണത്തിനായി ഇഴഞ്ഞ് നീങ്ങുന്ന കുരുന്നിന് സമീപം അവന്റെ ശരീരം ഭക്ഷിക്കുവാനായി കാത്തുനിൽക്കുന്ന ഒരു കഴുകൻ. 1994ലെ പുലിസ്റ്റർ അവാർഡ് കാർട്ടറിനു ആ ചിത്രം നേടിക്കൊടുത്തെങ്കിലും ആ കുഞ്ഞിനെ സഹായിക്കുവാൻ ആയില്ല എന്ന കുറ്റബോധവും മറ്റുള്ളവരുടെ വിമർശനങ്ങളും കൊടിയ നിരാശയിലേക്ക് അദ്ദേഹത്തെ തള്ളിവിട്ടു. ഒടുവിൽ അദ്ദേഹം ആത്മഹത്യയിലൂടെ തന്നെ നിരന്തരം വേട്ടയാടിയ വേദനിപ്പിക്കുന്ന ഓർമ്മകളിൽ നിന്നും രക്ഷ നേടി.

ദരിദ്രരോടും ആവശ്യഭാരങ്ങളിൽ ഇരിക്കുന്നവരോടും നമുക്ക് ഉണ്ടായിരിക്കേണ്ട മനോഭാവത്തെക്കുറിച്ച് ബൈബിളിൽ അനേകം നിർദ്ദേശങ്ങൾ ഉണ്ട്. "നിങ്ങളുടെ നിലത്തിലെ വിള നിങ്ങൾ കൊയ്യുമ്പോൾ വയലിന്റെ അരികു തീർത്ത് കൊയ്യരുത്. നിന്റെ തോട്ടത്തിൽ വീണു കിടക്കുന്ന പഴം പെറുക്കുകയും അരുത്. അവയെ




ദരിദ്രനും പരദേശിക്കും വിട്ടേക്കണം. ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു. (ലേവ്യാ. 19:9 - 10)

ചെമ്മരിയാടുകളുടെയും കോലാടുകളുടെയും ഉപമയിൽ ആടുകളെ 2 കൂട്ടമായി ഇടയൻ തിരിക്കുന്നതും ആവശ്യങ്ങളിൽ ഇരിക്കുന്നവരോടു കാണിച്ച സഹാനുഭൂതിയുടെ അടിസ്ഥാനത്തിലാണ്. മഹാപീഡന കാലത്തെ കുറിച്ചുള്ളതാണിതെന്നു ശ്രദ്ധിക്കുക (മത്താ.25:31- 46)

നല്ല ശമര്യന്റെ ഉപമ ഈ വിഷയത്തിലേക്ക് വെളിച്ചം വീശുന്നതാണ്. ലൂക്കോസ് 10: 30 - 37. പുരോഹിതനും ലേവ്യനും ആ സ്ഥലത്തെത്തി കടന്നുപോയി എന്നാണ് കർത്താവ് പറഞ്ഞത്. കൃഷിക്കാരനും മീൻ പിടിക്കുന്നവനും എന്ന് പറയാതെ , പുരോഹിതനും ലേവ്യനും എന്ന് പറയുവാൻ കാരണമുണ്ട്. പുരോഹിതനും ലേവ്യനുമാണ് ആദ്യം കരുണ കാണിക്കേണ്ടത് . ലോകത്തിലെ ഇതര ജനങ്ങളെക്കാൾ നന്മ പ്രവർത്തികൾ ചെയ്യേണ്ടത് ക്രിസ്തുവിലൂടെയുള്ള ആത്മരക്ഷ പ്രാപിച്ചവരാണ്. നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായിട്ട് സൃഷ്ടിക്കപ്പെട്ടവരാകുന്നു. നാം അത് ചെയ്തു പോരേണ്ടതിന് ദൈവം അവ മുന്നൊരുക്കിയിരിക്കുന്നു (എബ്രാ.2:10) ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവർത്തിക്കും വക പ്രാപിച്ചു തികഞ്ഞവൻ ആകേണ്ടതിനും കൂടിയാണ് വചനം നൽകപ്പെട്ടത് . ആവശ്യങ്ങളിൽ ഇരിക്കുന്നവരോടും മറ്റാരെക്കാളും അനുകമ്പ കാണിക്കേണ്ടതും, ആതുര പ്രവർത്തികളിൽ മുന്നിട്ടു നിൽക്കേണ്ടതും രക്ഷിക്കപ്പെട്ടവരാണ്. അവസരം കിട്ടുമ്പോൾ നാം എല്ലാവർക്കും സഹവിശ്വാസികൾക്കും നന്മ ചെയ്യുക . (ഗലാ. 6:10)

ലോകത്തിന്റെ വെളിച്ചവും ഭൂമിയുടെ ഉപ്പായും പ്രവർത്തിക്കേണ്ടവരാണ് പ്രാദേശിക സഭകൾ സമൂഹത്തോട് സഭയുടെ പ്രതിബദ്ധത മറ്റാരെക്കാളും വലുതാണ്. ക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷകളിൽ പ്രസംഗം മാത്രമല്ലയിരുന്നു നന്മ പ്രവർത്തികളും ഉണ്ടായിരുന്നു. തന്റെ ശിഷ്യന്മാർക്ക് മാത്രമല്ല എല്ലാവർക്കും അവൻ നന്മ ചെയ്തു, വിശന്നവർക്ക് തളർന്നവർക്ക് അവൻ കരുത്ത് നൽകി , പാപ ഭാരത്താൽ തകർന്നവരെ അവൻ പുനർ നിർമ്മിച്ചു. ഗുരുവിനെപ്പോലെ ആയിരിക്കണം അവന്റെ ശിഷ്യരായ ദൈവജനം.

ഓരോ പ്രാദേശിക സഭയും അവർക്ക് ചുറ്റുമുള്ള സമൂഹത്തിന്റെ ആവശ്യങ്ങളെക്കുറിച്ച് കൂടി ബോധവാന്മാരായിരിക്കണം. ആദ്യ കാലഘട്ടങ്ങളിലെ മിഷനറി പ്രവർത്തകർ സുവിശേഷം പ്രസംഗിക്കുക മാത്രമല്ല സമൂഹത്തിലെ ദരിദ്രന്മാരുടെ കണ്ണീരൊപ്പി. വിശപ്പ് ശമിപ്പിച്ചു. രോഗത്തിന് ചികിത്സ നൽകി. വിദ്യാഭ്യാസം നൽകിക്കൊണ്ട് അറിവിന്റെ വെളിച്ചം പ്രകാശിപ്പിച്ചു. ക്രിസ്തുവിന്റെ അതേ മാതൃക.

ഇന്ന് അധികം പ്രസംഗം. അല്പം പ്രവർത്തി. വലിയ ചില ക്രൈസ്തവ സമൂഹങ്ങളിൽ സൽപ്രവർത്തികൾ മാത്രം. സുവിശേഷം മേമ്പൊടിക്ക് പോലുമില്ല.

മരണം വരുമൊരു നാൾ ഓർക്കുക മർത്യാ നീ.

സൽകൃത്യങ്ങൾ ചെയ്യുക നീ. അലസത കൂടാതെ..... എന്ന് അവർ പാടുന്നു. സൽപ്രവർത്തികളിലൂടെ ആത്മരക്ഷ നേടുവാൻ കഴിയുമെന്ന് അവർ കണക്കുകൂട്ടുന്നു. മുഴു സഭാസമൂഹങ്ങളുടെയും പരാജയം ഇവിടെയാണ്. ആത്മരക്ഷ വിശ്വാസത്താൽ നേടിയവർ, ഒരു നന്മയും ചെയ്യാതിരിക്കുന്നു. ആത്മരക്ഷയ്ക്കായി നന്മ പ്രവർത്തികൾ ചെയ്യുന്ന മറ്റൊരു കൂട്ടർ.

Fresh wind, Fresh Fire എന്ന ഗ്രന്ഥത്തിൽ സഭയിൽ വന്ന ഒരു ദരിദ്രനെക്കുറിച്ചു പറയുന്നുണ്ട്. യോഗത്തിന്റെ അവസാനം, തെരുവിൽ കഴിയുന്ന ആ ദരിദ്രൻ പാസ്റ്ററെ സമീപിച്ചു, തന്റെ അവസ്ഥ വിശദീകരിച്ചു. അദ്ദേഹം പോക്കറ്റിൽ നിന്ന് പേഴ്സ് എടുത്ത് ചില ഡോളറുകൾ അയാൾക്ക് നേരെ നീട്ടി. അയാൾ പാസ്റ്ററോട് ; "പാസ്റ്റർ താങ്കളുടെ പണം എനിക്ക് വേണ്ട, താങ്കൾ പ്രസംഗിച്ച യേശുവിനെക്കുറിച്ച് എന്നോട് പറയൂ" എന്ന് പറഞ്ഞു. ആ സമയം പാസ്റ്റർ ജാം സിംബല പ്രതിവചിച്ചു "തെരുവിലെ മണം മലർവാടിയിലെ സുഗന്ധമായി മാറിയിരിക്കുന്നു"

നമ്മുടെ നന്മ പ്രവർത്തികൾ മാത്രമല്ല നമുക്ക് ചുറ്റുമുള്ളവർ പ്രതീക്ഷിക്കുന്നത് നമ്മുടെ സ്നേഹവും. ഇന്നില്ലാത്തത് മുഴങ്ങുന്ന ചെമ്പും ചിലമ്പുന്ന കൈത്താളവുമാണ്. ദരിദ്രർക്കും ആവശ്യഭാരങ്ങളിൽ ഉള്ളവർക്ക് സ്നേഹവും കൈത്താങ്ങലുകളും നൽകുക. സ്നേഹിക്കാതെ കൊടുക്കാൻ കഴിയും എന്നാൽ കൊടുക്കാതെ സ്നേഹിക്കാൻ കഴിയുകയില്ല എന്നോർക്കുക. ദൈവം നമ്മെ സ്നേഹിച്ചതും സ്വന്തം പുത്രനെ നമുക്ക് നൽകിക്കൊണ്ടായിരുന്നു.

---

## ...എല്ലാവരോടും സമത്വവും സ്നേഹവും ...

*... page 16*

സ്നേഹിക്കുന്നതിന് വലിയ ബുദ്ധിമുട്ടും ഉണ്ടാകുകയില്ല.

**സ്നേഹവും സമത്വവും ദൈവസഭയിൽ**

സഭ ദൈവത്തിന്റെ സ്ഥാപനമാണ്. ക്രിസ്തു തന്റെ ചോരയാൽ വീണ്ടെടുക്കപ്പെട്ടവരുടെ സംഘമാണ് സഭ. എന്നാൽ സഭയിൽ ഒരു കൂട്ടം ആളുകൾ മാത്രമല്ല. യഹൂദനോ , യവനനോ, ജാതിയോ എന്ന വ്യത്യാസം സഭയിൽ ഇല്ല. അടിമ എന്നോ യജമാനൻ എന്ന വ്യത്യാസം ഇല്ല. ക്രിസ്തുവിൽ എല്ലാവരും ഒന്നാണ്. എല്ലാവരെയും ഒരു പോലെ കാണുവാനും സ്നേഹിക്കുവാനും നമുക്ക് ഇടയാകണം.

**ഉപസംഹാരം**

എല്ലാവരോടും സമത്വത്തിന്റെയും സ്നേഹത്തിന്റെയും ബൈബിൾ തത്ത്വങ്ങൾ സമയത്തിനും സംസ്കാരത്തിനും അതീതമാണ്, മനുഷ്യരാശിയെ യോജിപ്പുള്ള സഹവർത്തിത്വത്തിലേക്ക് നയിക്കുന്ന ഒരു ധാർമ്മിക കോമ്പസ് പ്രദാനം ചെയ്യുന്നു. ഓരോ വ്യക്തിയുടെയും അന്തർലീനമായ മൂല്യം നാം സ്വീകരിക്കുകയും സുവർണ്ണ നിയമങ്ങൾ പരിശീലിക്കുകയും വിഭജിക്കുന്ന അതിരുകൾ മറികടക്കുകയും നീതിയും സമത്വവും പ്രോത്സാഹിപ്പിക്കുകയും ക്ഷമിക്കുകയും ചെയ്യുമ്പോൾ, സമത്വവും സ്നേഹവും തഴച്ചുവളരുന്ന ഒരു ലോകത്തിലേക്ക് നാം പ്രവേശിക്കുന്നു.

ഭിന്നതകളാൽ വേർതിരിക്കപ്പെട്ട ഒരു ലോകത്ത്, ബൈബിളിന്റെ ജ്ഞാനം ഒരു ഏകീകൃത ശക്തിയായി വർത്തിക്കുവാൻ നമ്മെ ആഹ്വാനം ചെയ്യുന്നു. ഈ സത്യങ്ങൾ നമ്മുടെ ജീവിതത്തിലേക്ക് സമന്വയിപ്പിക്കുന്നതിലൂടെ, എല്ലാവരോടും സമത്വവും സ്നേഹവും കാണിക്കുവാൻ നമുക്ക് സാധിക്കും. ദൈവം നമ്മെ സഹായിക്കട്ടെ.

# നല്ലിടയൻ മിനിസ്ട്രി പ്രവർത്തനങ്ങൾ

**1. സൗജന്യ മെഡിക്കൽ ക്യാമ്പ്**

നല്ലിടയൻ മിനിസ്ട്രിയുടെ ചുമതലയിൽ 2023 ജൂൺ 22 വ്യാഴം രാവിലെ 9 മണി മുതൽ പുതുപ്പാടി നടുക്കുന്ന് സംസ്കാരിക നിലയത്തിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. നൂറോളം പേർ സംബന്ധിച്ചു. ജൂൺ 23 വെള്ളി രാവിലെ വയനാട് കുറുവാ ആദി വാസികൾക്കായി രക്ഷാ ഡി ആഡിക്ഷൻ സെന്ററിൽ വച്ചും, ഉച്ച കഴിഞ്ഞ് മേപ്പാടി ലയത്തിൽ വച്ചും നടത്തപ്പെട്ടു. ഇരുന്നൂറോളം പേർ ഈ ക്യാമ്പുകളിൽ സംബന്ധിച്ചു.





2023 ജൂലൈ 15 ശനി രാവിലെ 9 മുതൽ തമിഴ്നാട് പുളിയൻകുടിയിൽ വച്ച് മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. ഡോ. സാംസൺ, ഡോ. എലിസബേത്ത് എന്നിവർ രോഗികളെ പരിശോധിച്ചു. നൂറിലധികം രോഗികൾ സംബന്ധിച്ചു. തുടർന്നും പല സ്ഥലങ്ങളിൽ വച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അഭ്യർത്ഥിക്കുന്നു.





## WEDDING - JOSHUA AND PERSIA

Amidst the scenic charm of Puliyangudi, Tamil Nadu, Joshua and Persia's wedding on July 29, 2023, marked a beautiful union of hearts. Officiated by Evangelist MV Babu, the ceremony witnessed the coming together of 400 guests from various parts of Tamil Nadu, Kerala, and beyond.

The occasion was particularly meaningful as Joshua's journey from Bethel Children's Home was celebrated, a testament to the impact of nurturing environments. This heartwarming event also highlighted the invaluable work of Nalla Edayan Ministry, a pillar of support for the home.



As the sun set on this special day, it illuminated not only the love between Joshua and Persia but also the power of unity and compassion that brings people together. Kindly pray and support the ministry of Bethel childrens home, Puliyangudi.

# ഗുഡ് ഷെപ്പേർഡ്

## പാലിയേറ്റീവ് കെയർ യൂണിറ്റ്



**പുളിയൻകുടി മെഡിക്കൽക്യാമ്പ്**

നല്ലിടയൻ മിനിസ്ട്രിയുടെ ചുമതലയിൽ നടന്നു വരുന്ന പാലിയേറ്റീവ് കെയർ യൂണീറ്റ് അതിന്റെ പ്രവർത്തന പാന്ഥാവിൽ 2 വർഷം പിന്നിടുകയാണ്. ചെറിയ നിലയിൽ ആരംഭിച്ച പ്രവർത്തനം ഇന്ന് സമൂഹത്തിന് ഏറ്റവും ആവശ്യമുള്ള ഒരു പ്രവർത്തനമായി തുടരുന്നു. കിടക്കരോഗികളെ അവരുടെ വീടുകളിൽ ചെന്ന് ശുശ്രൂഷിക്കുകയും മെഡിക്കൽ സംബന്ധമായ എല്ലാ സഹായങ്ങളും ചെയ്തു കൊടുക്കുന്നു. കൂടാതെ ആവശ്യമായ കൗൺസിലിംഗ് നൽകുന്നതിനും ഇടയാകുന്നു. ഇതിനോടകം 130 പേർ രജിസ്റ്റർ ചെയ്തു. അവരിൽ ചിലരെ സമാധാനത്തോടെ യാത്രയാക്കുന്നതിനും ഇടയായിട്ടുണ്ട്. ജീവിതത്തിൽ വ്യത്യസ്തമായ അനുഭവങ്ങളിലൂടെ കടന്നു പോകുന്ന ആളുകളെയാണ് ഈ യാത്രയിൽ ഞങ്ങൾ കണ്ടുമുട്ടുന്നത്. എന്നാൽ എല്ലാവരെയും അവരുടെ ആവശ്യങ്ങൾക്ക് അനുസരിച്ച് സഹായിക്കുവാൻ ഞങ്ങളുടെ സാമ്പത്തിക പരിമിതി അനുവദിക്കുന്നില്ല. ഏകദേശം 9 വർഷത്തോളമായി ഒരു സർജറി മുഖാന്തിരം കാലുകളിൽ വലിയ വ്രണം ഉണ്ടായി പൊട്ടി ഒലിച്ചു കിടന്ന യുവാവിനെ ദീർഘ നാളുകൾ പരിചരിക്കുവാൻ ഇടയായി. അദ്ദേഹത്തിന് കൂടുതൽ വൈദ്യ സഹായം വേണമെന്ന് മനസ്സിലാക്കി തിരുവല്ല മെഡിക്കൽ മിഷനിലേക്ക് അയച്ചു. തിരുവല്ല മെഡിക്കൽ മിഷൻ ആ ദൗത്യം വളരെ സന്തോഷത്തോടെ ഏറ്റെടുത്തു. ലക്ഷങ്ങൾ ചെലവു വരുന്ന സർജറികൾ മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ സൗജന്യമായി ചെയ്തുകൊണ്ടിരിക്കുന്നു. ഈ നിലയിൽ പാവങ്ങൾക്ക് ദൈവസ്നേഹം വെളിപ്പെടുത്തുന്ന മെഡിക്കൽ മിഷൻ ഹോസ്പിറ്റൽ ഭാരവാഹികൾക്ക് ഹൃദയംഗമായ നന്ദി അറിയിക്കുന്നു. ജീവിതത്തിൽ പ്രതീക്ഷ നഷ്ടപ്പെട്ട് വിഷാദ രോഗത്തിലേക്ക് നീങ്ങിക്കൊണ്ടിരുന്ന അനേകർക്ക് കൗൺസിലിംഗിലൂടെ ജീവിതത്തിന് അർത്ഥം ഉള്ളതാക്കി തീർക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നിരവധി കോളുകളാണ് ഓരോ ദിവസവും എത്തുന്നത്. എന്നാൽ എല്ലാവരുടെയും അടുക്കൽ എത്തുവാൻ ഞങ്ങൾക്ക് കഴിയുന്നില്ല. വളരെ സാമ്പത്തിക ആവശ്യവും ഈ പ്രവർത്തനത്തിനുണ്ട്. പുരുഷാരത്തെ കണ്ട് മനസ്സലിഞ്ഞ് അവരുടെ ആവശ്യം മനസ്സിലാക്കി അവരോട് ഏർപ്പെട്ട കർത്താവ് ഇന്നും പ്രവർത്തിക്കുന്നു. നമ്മളാലാവോളം മറ്റുള്ളവർക്ക് നന്മ ചെയ്യുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഈ പ്രവർത്തനത്തിൽ പങ്കാളിയാകുവാൻ ആഗ്രഹിക്കുന്ന ഏവരെയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക്

**USA**

**Nalla Edayan**

P.O Box 661525, Bronx, New York - 10466

Tel. 914-450-4966

E-mail: nallaedayan@gmail.com

**ഇന്ത്യയിൽ ബന്ധപ്പെടേണ്ടത്**

**Binu Samuel, M.V. Babu**

**Ph.9447359183, 9447124260**

Account details in India: Nalla Edayan Ministries

**A/C no. 0316073000000898**,

**South Indian Bank,** Br. Pathanamthitta

**IFSC code: SIBL0000316**




**Nalla Edayan**
P.O.Box 661525,
Bronx, NY 10466

To,

Return Service Requested